المملكة العربية السعودية
وزارة الشؤون الإسلامية و الأوقاف والدعوة والإرشاد
المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة

# നവ മുസ്‌ലിംകളറിയാൻ പ്രശ്നോത്തരി

ക്രോഡീകരണം
അബൂ അനസ് അലി ബ്നു ഹുസൈൻ അബൂലൂസ്

പരിഭാഷ
അബ്ദു റസാഖ് സ്വലാഹി

فتاوى وأحكا
إلى الداخلي
في الإسلا
مليباري



പ്രസാധനം
The Co Operative Office for Call and Guidanc
At West dirah .Tel: 439 1942 Fax: 4391851

# ഉള്ളടക്കം


പേജ്

1. സമർപ്പണം 7
2. ആമുഖം 9
3. ഇസ്‌ലാമിന്റെ മഹത്വം 12
4. രണ്ടു സാക്ഷ്യ വാക്യങ്ങൾ 17
5. നമസ്കാരത്തിന്റെ മഹത്വം 19
6. സകാത്ത് 22
7. വ്രതം അനുഷ്ഠിക്കൽ 24
8. ഹജ്ജ് കർമ്മം 26
9. നന്മ കൽപിക്കലും തിന്മ വിലക്കലും 28
10. ധർമ്മ സമരം 28
11. അന്തിമ പ്രവാചകനും ഇസ്‌ലാം മതവും 29
12. പരിസമാപ്തി 34

ഭാഗം രണ്ട്
(പ്രശ്നോത്തരി)

13. ഇസ്‌ലാം ആശ്ലേഷിക്കുന്നവർ കുളിക്കൽ 36
14. ഇസ്‌ലാം സ്വീകരിച്ചവർ മുമ്പ് ഉപയോഗിച്ചിരുന്ന വസ്തുക്കൾ കഴുകൽ 37
15. പ്രകൃതിപരമായ കാര്യങ്ങൾ 38
16. ചേലാകർമ്മം 38
17. പേരുമാറ്റൽ 39
18. റമളാനിലെ പകലിൽ മുസ്‌ലിമായാൽ? 40
19. മലിനമായ വസ്ത്രം എടുത്ത് നമസ്കരിക്കൽ 41
20. പുതുവിശ്വാസിയുടെ ഇണ 42

21. ഖുർആൻ പരിഭാഷയും അമുസ്‌ലിംകളും 43
22. പൂർവ്വ വേദഗ്രന്ഥം പാരായണം ചെയ്യൽ 44
23. അവിശ്വാസി മലിനമാണോ? 44
24. ക്രിസ്ത്യനികൾ അറുത്തത് ഭക്ഷിക്കൽ 45
25. അവളെ പ്രത്യേകം ഒരിടത്ത് മറവു ചെയ്യുക 46
26. അവിശ്വാസികളോടുള്ള സമീപന രീതി 47
27. അമുസ്‌ലിം രോഗിയായാൽ സന്ദർശിക്കൽ 50
28. മതപരിത്യാഗിയായാൽ 52
29. ഇസ്‌ലാം സ്വീകരിച്ച സ്ത്രീകൾ മൂടുപടമണിയൽ 53
30. അമുസ്‌ലിംകൾ പള്ളിയിൽ പ്രവേശിക്കൽ 54
31. അമുസ്‌ലിംകളുമായി സഹവസിക്കൽ 54
32. യഹൂദരും ക്രിസ്ത്യാനികളും
സത്യനിഷേധികൾ തന്നെ 57
33. അവിശ്വാസികൾ മുസ്‌ലിമിന്റെ സഹോദരന്മാരോ? 64
34. അമുസ്‌ലിംകൾക്കു മദ്യം വിളമ്പൽ 66
35. അമുസ്‌ലിംകളുമായി കച്ചവടം നടത്തൽ 68
36. ബലിമാംസം അമുസ്‌ലിംകൾക്കു നൽകൽ 68
37. സകാത്തും അമുസ്‌ലിംകളും 69
38. ഈസാ عليه السلام മരിച്ചിട്ടുണ്ടോ? 70
39. അന്ത്യനാളിനോടനുബന്ധിച്ച്
ഈസാ عليه السلام ഇറങ്ങുമോ? 72
40. ഈസാ عليه السلام ആകാശത്തേക്ക് ഉയർത്തപ്പെട്ടുവോ? 76

## വിവർത്തകക്കുറിപ്പ്

പരമകാരുണികനും കരുണാനിധിയുമായ നാഥന്റെ നാമത്തിൽ. പ്രവാചകൻ മുഹമ്മദ് ﷺ ക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബികൾക്കും അല്ലാഹുവിന്റെ കൃപയും നന്മയും സദാ വർഷിക്കട്ടെ.
ഇസ്‌ലാം

അത് സന്മാർഗ്ഗ ദർശനമാണ്.
സർവ്വ മനുഷ്യർക്കുമുള്ള മത സംഹിത.
ദൈവീകമായ മതം.
മനുഷ്യരുടെ കൈകടത്തലിന്നധീതമായ,
വ്യക്തികളിലേക്കു ചേർത്തിപ്പറയാത്ത
സാർവ്വലൗകീകം, സാർവ്വജനീയം.
കുടുംബത്തിനും കുലത്തിനുമല്ല മഹിമ.
വ്യക്തിക്കും നിറത്തിനുമല്ല പൊലിമ.
ജാതീയതയും വൈജാത്യങ്ങളുമില്ലതിൽ.
സവർണ്ണനും അധമ ജാതിയുമില്ല.
ആരാധനാലയം സർവ്വരാലും സജീവം.
ഒരേ അണിയിൽ രാജാവും പ്രജയുമുണ്ട്.
വെളുത്തവനും കറുത്തവനും ഒരേ സ്ഥാനം.
ഉടമയും അടിമയും മുതലാളിയും തൊഴിലാളിയും,
എല്ലാവരും സ്രഷ്ടാവിനു തുല്ല്യം.
ആരുണ്ട് കർമ്മത്തിലുത്തമനെങ്കിൽ
അവനാണു സ്വർഗ്ഗരാജ്യത്തിനർഹൻ.
സത്യത്തിന്റെ ദീപ ശിഖ
സന്മാർഗ്ഗത്തിന്റെ വെളിച്ചം
ഇസ്‌ലാമിന്റെ മാത്രം മഹത്വം.
മനുഷ്യരെല്ലാം ഇതറിയാൻ തുടങ്ങി.
അവർ ഒറ്റയായും കൂട്ടമായും
ഇസ്‌ലാം സ്വീകരിക്കുന്നു.

മറ്റു മതങ്ങളൊക്കെയും കൃത്രിമം.
അപചയം സംഭവിച്ചതാണവ,
അതിനാലവ ത്യജച്ചു വന്നവർ
ഇസ്ലാം സ്വീകരിക്കുന്നു.
ഇവർക്കായ് തയ്യാർ ചെയ്ത റബി പുസ്തകം
മൊഴി മാറ്റി വന്നതാണിത്.
മൊഴി മാറ്റത്തിൽ പരമാവധി
ലളിതവും സരളവുമാക്കാൻ ശ്രമിച്ചു.
പിഴവുകൾ വരാതിരിക്കാൻ കരുതിയിട്ടുണ്ട്.
ഒന്നിലധികമാളുകൾ ഇത് പരിശോധിച്ചു.
ഇനിയും പിഴവുകൾ കണ്ടാൽ
സ്നേഹത്തോടെ ഉപദേശിക്കണം,
തിരുത്തണം. എന്റെ കഴിവുകേടായും പിശാചിന്റെ
പ്രേരണയായുമത് മനസ്സിലാക്കണം.
ഇത് ജനത്തിനുപകാരമായെങ്കിൽ,
സൽക്കർമ്മമായി സ്വീകരിക്കപ്പെട്ടുവെങ്കിൽ
എന്നു പ്രാർത്ഥിക്കുന്നു.
നാഥാ, നിനക്കാണു സർവ്വസ്തുതിയും.

ഇതിലെന്നെ സഹായിച്ചവർക്കെല്ലാം നീ കാരുണ്യമേകണം. എന്റെ പിതാവിന്നും മാതാവിന്നും ഭാര്യാസന്താനങ്ങൾക്കും എനിക്കും എന്റെ കുടുംബത്തിനും മുസ്ലിം സഹോദരീസഹോദരന്മാർക്കും നീ എന്നും ഗുണം നൽകണം. പ്രവാചകൻ മുഹമ്മദിന്നും കുടുംബത്തിനും സഹാബത്തിനും നീ കരുണാകടാക്ഷം നൽകി അനുഗ്രഹിക്കണം.

-വിവർത്തകൻ

## സമർപ്പണം

**- ഫളീലത്തു ശൈഖ് അബ്ദുല്ലാ ഇബ്നു അബ്ദുറഹ്മാൻ അൽ ജിബ്രീൻ -**

അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതികളും. അവൻ ഏകനും പങ്കുകാരനില്ലാത്തവനുമത്രെ. മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും, അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. പ്രവാചകൻ മുഹമ്മദിന്നും അദ്ദേഹത്തിന്റെ കുടുംബത്തിനും അല്ലാഹുവിന്റെ അനുഗ്രഹം വർഷിക്കട്ടെ.

പുതുതായി ഇസ്ലാം സ്വീകരിക്കുന്നവർ മനസ്സിലാക്കേണ്ട ധാരാളം പാഠങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ക്രോഡീകരിക്കപ്പെട്ട ഈ കൃതി, ധാരാളം വിഷയങ്ങളാലും അത്യാവശ്യമായി അറിയേണ്ട കുറെ വസ്തുതകളാലും ധന്യമാണ്. ഇത് വളരെയധികം പ്രയോജനപ്രദമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

ജീവിത വ്യവഹാരങ്ങളുടെ തിരക്കിനിടയിൽ വേണ്ട വിധം വിജ്ഞാന സദസ്സുകളിൽ പങ്കെടുക്കാൻ അവസരം ലഭിക്കാത്തവരും, തങ്ങൾ എന്തെല്ലാം പ്രവർത്തിക്കണമെന്നും എങ്ങനെ പ്രവർത്തിക്കണമെന്നും കൂടുതൽ മനസ്സിലാക്കാൻ കഴിയാത്ത പുതുമുസ്ലിംകൾക്കും ഈ പുസ്തകം ഉപകാരപ്പെടാതിരിക്കില്ല.

പുതുതായി ഇസ്ലാം സ്വീകരിക്കുന്നവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ അനിവാര്യമാണ്. അവർ നിർവ്വഹിക്കേണ്ട കടമകൾ എന്തെല്ലാം, ദൈവീകമായ നിയമനിർദ്ദേശങ്ങൾ ഏവ, ന്യായവും അന്യായവുമായ കാര്യങ്ങൾ

എന്തെല്ലാം, അവർക്ക് മറ്റുള്ളവരോടുള്ള കടമകളും കടപ്പാടുകളും എന്ത്, ഐഹിക വിഭവങ്ങളാൽ വഞ്ചിതരായാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്ത് എന്തെല്ലാം, മരണ ശേഷം പുണ്യപുരുഷന്മാർക്കായി അല്ലാഹു തയ്യാർ ചെയ്തു വെച്ചിരിക്കുന്ന സുഖ സൗകര്യങ്ങളും അത് നേടിയെടുക്കാനായി പുണ്യ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതിന്റെ അനിവാര്യതയും അവരെ പഠിപ്പിക്കണം.

ഇതിന് പര്യാപ്തമായ ഈ കൊച്ചു കൃതി കൊണ്ട് വിജ്ഞാന കുതുകികളായവർക്ക് പ്രയോജനം ഉണ്ടാവട്ടെ എന്നു പ്രാർത്ഥിക്കുന്നു. പുണ്യം ചെയ്യുവാനും സന്മാർഗ്ഗം പ്രാപിക്കാനും അല്ലാഹുവിന്റെ അനുഗ്രഹം എല്ലാവർക്കും ഉണ്ടാവട്ടെ. പ്രവാചകൻ മുഹമ്മദിന് അല്ലാഹുവിന്റെ കടാക്ഷം വർഷിക്കട്ടെ. അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും നന്മകൾ ചൊരിയുമാറാവട്ടെ. ആമീൻ.

അബ്ദുല്ലാ ഇബ്നു അബ്ദുറഹ്മാൻ അൽ ജിബ്രീൻ
25.01.1415

## ആമുഖം

അല്ലാഹുവിനാണ് സർവ്വ സ്തുതിയും. പ്രവാചകൻ മുഹമ്മിനും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹുവിന്റെ കരുണാ കടാക്ഷം സദാ വർഷിക്കട്ടെ.

മാനവരാശിക്ക് അല്ലാഹു നൽകിയ ഏറ്റവും മഹത്തായ അനുഗ്രഹമാണ് ഇസ്ലാം മതം. ഇത് സ്വീകരിക്കണമെന്ന് ലോക ജനതയോട് അവരുടെ രക്ഷിതാവ് കൽപിച്ചിരിക്കുന്നു. മറ്റു മതങ്ങളൊന്നും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. (വി.ഖു. 3:85)

മഹാനായ പ്രവാചകൻ മുഹമ്മദ് തന്റെ മരണം വരെയും ഈ മതത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചു കൊണ്ടിരുന്നു. വക്രതയില്ലാത്ത ഈ മതത്തിന്റെ സർവ്വത്ര അധ്യാപനങ്ങളും പഠിപ്പിച്ച് പൂർത്തീകരിച്ച ശേഷമാണ് അവിടുന്ന് ദിവംഗതനായത്. (വി.ഖു. 5:3)

എങ്കിലും ധാരാളം ആളുകൾ ഇസ്ലാം മതത്തിൽ നിന്നും തെറ്റിപ്പോയി. ചിലർ തങ്ങളുടെ പ്രാചീന മതത്തിൽ തന്നെ ശാഠ്യം പിടിച്ചു നിലകൊണ്ടു. മറ്റു ചിലരാവട്ടെ അസത്യവും കൃത്രിമവുമായ മതങ്ങൾ ഉണ്ടാക്കുകയും അത് സ്വീകരിക്കുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ ധാരാളം ആളുകൾ തങ്ങൾ നിലകൊണ്ടിരുന്ന അസത്യമായ മതം പരിത്യജിച്ച് ഇസ്ലാം മതത്തിലേക്ക് വന്നുകൊണ്ടിരുന്നു. ബഹുദൈവത്വവും നിരീശ്വരത്വവും വെടിഞ്ഞവർ ഏകനായ അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്നുമുള്ള സാക്ഷ്യ വാക്യം ചൊല്ലി. അങ്ങനെ അവർ മുസ്ലിംകളായി. അവർക്കെ

ല്ലാം അല്ലാഹു സ്ഥിരതയും പുണ്യം ചെയ്യാനുള്ള സാഹചര്യവും നൽകട്ടെ.

ഈ സന്ദർഭത്തിൽ പുതുതായി ഇസ്ലാം മതത്തിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്ന സൗഭാഗ്യവാന്മാർക്ക് നമസ്കാരം, ശുദ്ധീകരണം പോലുള്ള കാര്യങ്ങൾ ഭംഗിയായി മനസ്സിലാക്കി കൊടുക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. പെരുമാറ്റ ചട്ടങ്ങളും സാമൂഹ്യ മര്യാദകളും അവരെ പഠിപ്പിക്കണം.

പ്രസ്തുത ലക്ഷ്യത്തിലുള്ള ഏറ്റവും ലളിതമായ ഒരു സംരംഭമാണ് ഈ ക്രോഡീകരണത്തിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. ഇതിലുള്ള സർവ്വത്ര സത്യവും ശരിയും അല്ലാഹുവിങ്കൽ നിന്നുള്ളതു തന്നെ. എന്തെങ്കിലും ന്യൂനതയോ പിഴവുകളോ പറ്റിയിട്ടുണ്ടെങ്കിൽ അത് എന്റെ വീഴ്ചയും പൈശാചിക പ്രേരണയായും മനസ്സിലാക്കണമെന്നപേക്ഷിക്കുന്നു.

ഈ കൃതിയെ ചോദ്യങ്ങൾക്കുള്ള ഉത്തരം നൽകുന്നത് പ്രഗത്ഭ പണ്ഡിതന്മാരായ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ, സമാഹത്തു ശൈഖ് ഇബ്നു ബാസ്, (ഇവർക്ക് അല്ലാഹു കാരുണ്യവും അനുഗ്രഹവും ചൊരിയട്ടെ) ശൈഖ് മുഹമ്മദ് ഇബ്നു ഉഥൈമീൻ, ശൈഖ് അബ്ദുല്ലാ ഇബ്നു അബ്ദുറഹ്മാൻ അൽ ജിബ്രീൻ എന്നിവരാണ്. കൂടാതെ സൗദി അറേബ്യയിലെ ഫത്വാ ബോർഡിന്റെ ചില ഫത്വകളും കൊടുത്തിട്ടുണ്ട്.

ഇത് പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ശൈഖ് ജിബ്രീൻ - അദ്ദേഹത്തിന് തക്കതായ പ്രതിഫലം അല്ലാഹു നൽകട്ടെ.

ഈ രചനയിലം ക്രോഡീകരണത്തിലും എനിക്ക് സ്വൽപം അഹങ്കാരമോ പ്രശസ്തിയോ ഞാൻ ഞാഗ്രഹിക്കുന്നില്ല. ജന

ങ്ങൾക്ക് ഇതു കൊണ്ട് ഉപകാരമുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കു ന്നു. ഇത് ഒരു സൽകർമ്മമായി അല്ലാഹു സ്വീകരിക്കട്ടെ. ഈ കൃത്യത്തിൽ എന്നെ സഹായിച്ചവർക്കെല്ലാം അല്ലാഹു അർഹ മായ പുണ്യം നൽകട്ടെ.

–അബൂഅനസ് അലി ഇബ്നു ഹുസൈൻ അബൂലൂസ്

റിയാദ്,
13.7.1414

## ഇസ്‌ലാമിന്റെ മഹാത്മ്യം

അല്ലാഹു പറഞ്ഞിരിക്കുന്നു: ''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേറ്റി തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.'' (മാഇദ:3). ''തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാം ആകുന്നു.'' (ആലുഇംറാൻ:19). ''ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനും ആയിരിക്കും.'' (ആലുഇംറാൻ:85).

ഇസ്‌ലാം എന്നാൽ ഏകത്വം അല്ലാഹുവിന്നു മാത്രമായി കീഴൊതുങ്ങുക, പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ചു കൊണ്ട് അവനെ വണങ്ങുക, ബഹുദൈവ വിശ്വാസത്തിൽ നിന്നും പ്രസ്തുത വിശ്വാസികളിൽ നിന്നും ഒഴിവായി അല്ലാഹുവിന് കീഴ്പെടുക എന്നിവ സത്യ ദീനിന്റെ സന്ദേശമാണ്. ഇസ്‌ലാമിന്റെ ആഗമനു മുമ്പും പ്രവാചകൻ മുഹമ്മദ് ﷺ യുടെ പ്രബോധനം ആരംഭിക്കുന്നതിനു മുമ്പും അറബികൾ ബഹുദൈവ വിശ്വാസം വെച്ചു പുലർത്തിയിരുന്നു. ബുഖാരിയിൽ റിപ്പോർട്ടു ചെയ്ത ഒരു സംഭവം കാണുക: ''അബു റജാഉൽ അത്വാരി പറയുന്നു: ഞങ്ങൾ കല്ലിനെ ആരാധിക്കാറുണ്ടായിരുന്നു. എന്നാൽ അതിനിടയിൽ യാദൃശ്ചികമായി ആദ്യത്തേതിനെക്കാൾ ഉത്തമമായ മറ്റു കല്ലുകൾ കാണാൻ ഇടയായാൽ ഞങ്ങൾ ആരാധിച്ചു കൊണ്ടിരുന്ന കല്ലിനെ ഉപേക്ഷിച്ച് മറ്റ് കല്ലിനെ ആരാധിക്കലായിരുന്നു ഞങ്ങളുടെ പതിവ്. അങ്ങനെ കല്ലിനെ കാണാതിരുന്നാൽ ഒരു മൺ കൂനയുണ്ടാക്കുകയും ഒരു ആടിനെ കൊണ്ട് വന്ന് പാൽ കറന്ന് ആ മൺകൂനയിൽ

ഒഴിക്കുകയും, ശേഷം അതിനെ വലംവെക്കുകയും ചെയ്യാറുണ്ടായിരുന്നു.''

ഇത് അറബികളുടെ സ്വഭാവം ആയിരുന്നുവെങ്കിൽ, ഇസ്ലാമിനു മുമ്പുണ്ടായിരുന്ന മറ്റു സമുദായങ്ങളുടെയും അവസ്ഥ ഒട്ടും വ്യത്യസ്തമായിരുന്നില്ല. ഖുർആൻ വിവരിക്കുന്നത് കാണുക:

''അല്ലാഹുവിനു പുറമെ അവർക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്തതിനെ അവർ ആരാധിക്കുന്നു. അവർ പറയുന്നു: (ആരാധിക്കപ്പെടുന്ന) ഇവർ അല്ലാഹുവിന്റെ അടുക്കൽ ഞങ്ങളുടെ ശുപാർശക്കാരാണ്.'' (യൂനുസ്:18). ''അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ പറയുന്നു: അല്ലാഹുവിലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പം ഉണ്ടാക്കിത്തരുവാൻ വേണ്ടിയല്ലാതെ അവരെ ഞങ്ങൾ ആരാധിക്കുന്നില്ല.'' (സുമർ:3). ''തീർച്ചയായും വിശ്വസിക്കാത്തവർക്ക് പിശാച്ചുക്കളെ നാം മിത്രങ്ങളാക്കി കൊടുത്തിരിക്കുന്നു. അവർ വല്ല നീചവൃത്തിയും ചെയ്താൽ ഞങ്ങളുടെ പിതാക്കൾ അതിൽ നില കൊള്ളുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടെന്നും അല്ലാഹു ഞങ്ങളോടു കൽപ്പിച്ചതാണെന്നും അവർ പറയുന്നു. (നബിയേ) പറയുക: നീചവൃത്തി ചെയ്യുവാൻ അല്ലാഹു കൽപ്പിക്കുകയേ ഇല്ല. നിങ്ങൾ അല്ലാഹുന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് പറഞ്ഞുണ്ടാക്കുകയാണോ? അല്ലാഹുവിനെ വിട്ട് പിശാചുക്കളെയാണ് അവർ രക്ഷാധികാരികൾ ആക്കി വെച്ചിരിക്കുന്നത്. തങ്ങൾ സന്മാർഗ്ഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യുന്നു.'' (അഅ്റാഫ്:30).
''അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയ കൃഷിയിൽ നിന്നും കന്നുകാലികളിൽ നിന്നും അവർ അവന്ന് ഒരു ഓഹരി നിശ്ചയിച്ചു കൊടുത്തിരിക്കുകയാണ്. എന്നിട്ട് അവരുടെ ജൽപനമനുസരിച്ച് ഇത് അല്ലാഹുവിനുള്ളതും മറ്റേത് തങ്ങൾ പങ്കാളികളാക്കിയ ദൈവങ്ങൾക്കുള്ളതുമാണെന്ന് അവർ പറഞ്ഞു. എന്നാൽ അവരുടെ

പങ്കാളികൾക്കുള്ളത് അല്ലാഹുവിന് എത്തുകയില്ല. അല്ലാഹുവിനുള്ളത് അവരുടെ പങ്കാളികൾക്ക് എത്തുകയും ചെയ്യും. അവർ തീർപ്പ് കൽപിക്കുന്നത് എത്ര മോശം.'' (അൻആം:136).

വിശുദ്ധ ഖുർആനിൽ ഇതേ ആശയം ഉൾക്കൊള്ളുന്ന ധാരാളം ആയത്തുകൾ നമുക്ക് കാണാവുന്നതാണ്. ഈ വസ്തുത വ്യക്തമാക്കുന്ന പ്രബലമായ ധാരാളം ഹദീസുകളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ആധികാരികമായ ചരിത്ര ഗ്രന്ഥങ്ങളും ഇതിന്നു സാക്ഷ്യം വഹിക്കുന്നുണ്ട്. നബി ﷺ യെ നിയോഗിക്കുന്നതിനു മുമ്പ് വ്യത്യസ്തങ്ങളായ രൂപങ്ങളിൽ ബഹുദൈവാരാധന നിലനിന്നിരുന്നു.

വിഗ്രഹങ്ങളെ ആരാധിക്കുന്നവരും പ്രതിഷ്ഠകളെ പൂജിക്കുന്നവരും സർവ്വത്ര വ്യാപകം. മൺമാടപ്പെട്ട ശവകുടീരങ്ങളിലെ മഹത്പുരുഷന്മാരും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അടങ്ങുന്ന മറ്റു വസ്തുക്കളും എല്ലാം മനുഷ്യരുടെ ആരാധ്യന്മാരായിരുന്നു. എന്നാൽ പ്രവാചകൻ ﷺ ആ ജനങ്ങളോടു പറഞ്ഞു: 'മനുഷ്യരെ, നിങ്ങൾ ഏകനായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ. നിങ്ങളുടെ പൂർവ്വപിതാക്കൾ നിലകൊള്ളുന്ന നിരർത്ഥകങ്ങളായ സർവ്വത്തേയും നിങ്ങൾ പരിത്യജിക്കുക. അല്ലാഹുവിന്റ വചനം നിങ്ങൾ ശ്രദ്ധിക്കുക: ''പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാവർക്കുമുള്ള അല്ലാഹുവിന്റെ ദൂതൻ ആകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരാൾക്കാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവീൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവീൻ. നിങ്ങൾക്ക് നേർമാർഗ്ഗം പ്രാപിക്കാം.'' (അഅ്റാഫ്:157)

"മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്നും വെളിച്ചത്തിലേക്ക് കൊണ്ടു വരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥമാണിത്. അതായത് പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗ്ഗത്തിലേക്ക്." (ഇബ്റാഹീം:2)

"നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയികൊണ്ട് നിയോഗിച്ചിരിക്കുന്നു." (അഹ്സാബ്:45).

"കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായി അവനെ ആരാധിക്കുവാനും അല്ലാതെ അവരോടു കൽപ്പിക്കപ്പെട്ടിട്ടില്ല." (ബയ്യിന:5).

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവീൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ചു ജീവിക്കുവാൻ വേണ്ടിയത്രെ അത്." (ബഖറ:21).

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു." (ഇസ്റാഅ്:23).

ബഹുദൈവ വിശ്വാസികൾ സത്യനിഷേധവും ബഹുദൈവാരാധനയും നടത്തിയിരുന്നുവെങ്കിലും തങ്ങളുടെ സ്രഷ്ടാവും അന്നദാതാവും അല്ലാഹു മാത്രമാണെന്ന് അവർ വിശ്വസിച്ചിരുന്നു. എന്നിരുന്നാലും അവർ അല്ലാഹുവിനെ അല്ലാതെ മറ്റുള്ളവരെ ആരാധിക്കുന്നതിന്ന് അവർക്കുണ്ടായിരുന്ന ന്യായം അവർക്കും അല്ലാഹുവിനുമിടയിലുള്ള ഇടയാളന്മാരാണ്

പ്രസ്തുത ആരാധ്യർ എന്നതായിരുന്നു. അല്ലാഹുവിന്റെ വചനം ശ്രദ്ധിക്കുക:

''അല്ലാഹുവിനു പുറമെ അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്നു പറയുകയും ചെയ്യുന്നു. (യൂനുസ്:18).

''പറയുക, ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചയും അധീനപ്പെടുത്തുന്നതാരാണ്? ജീവനില്ലാത്തതിൽ നിന്നും ജീവനുള്ളതും ജീവനുള്ളതിൽ നിന്നും ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതാരാണ്? കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നതാരാണ്? അവർ പറയും അല്ലാഹുവാണെന്ന്. അപ്പോൾ പറയുക, എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?'' (യൂനുസ്:31).

''ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോടു ചോദിച്ചാൽ തീർച്ചയായും അവർ പറയും അല്ലാഹുവാണെന്ന്. അപ്പോൾ എങ്ങനെയാണവർ വ്യതിചലിപ്പിക്കപ്പെടുന്നത്?'' (സുഖ്റുഫ്:87)

അറബികൾ മാത്രമല്ല, മനുഷ്യരാശി മുഴുവനും ഒരു മാർഗ്ഗദർശനത്തിനു വേണ്ടി കൊതിച്ചു കൊണ്ടിരുന്ന സമയത്ത്, സർവ്വ മനുഷ്യരെയും ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്ക് ആനയിക്കാനായി ആരുണ്ടെന്ന് എല്ലാവരും അന്വേഷിക്കുന്ന സന്ദർഭത്തിൽ സന്മാർഗ്ഗ ദർശകനും അന്തിമ പ്രവാചകനുമായി മുഹമ്മദ് മുസ്തഫ ﷺ ഇസ്ലാം മതവുമായി നിയോഗിക്കപ്പെട്ടു.

അടിസ്ഥാനപരമായ അഞ്ച് സ്തംഭങ്ങളിലാണ് ഇസ്ലാം എന്ന മഹത്തായ മതം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. പ്രസിദ്ധ

ഹദീസ് ഗ്രന്ഥമായ ബുഖാരിയിൽ റിപ്പോർട്ടു ചെയ്ത ഒരു നബിവചനത്തിൽ ഇപ്രകാരം കാണാം. ഇബ്നു ഉമർ ﷺൽ നിന്നു നിവേദനം. നബി(സ) പറഞ്ഞിരിക്കുന്നു. ''ഇസ്ലാം അഞ്ചു കാര്യങ്ങളിൽ എടുക്കപ്പെട്ടിരിക്കുന്നു. അല്ലാഹു അല്ലാതെ ആരാധ്യനില്ല എന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം കൃത്യമായി നിലനർത്തുക, സകാത്ത് നൽകുക, റമളാൻ മാസത്തിൽ നോമ്പനുഷ്ഠിക്കുക, കഅ്ബയിൽ പോയി ഹജ്ജ് കർമ്മം നിർവ്വഹിക്കുക.'' (ബുഖാരി, മുസ്ലിം).

## രണ്ടു സാക്ഷ്യങ്ങൾ

ഇസ്ലാം കാര്യങ്ങളിൽ പ്രഥമവും വളരെ സുപ്രധാനവുമായ രണ്ടു സാക്ഷ്യ വാക്യങ്ങളാണിവ. പ്രസ്തുത വാക്യങ്ങൾ നാവു കൊണ്ടു പറയുന്നതോടു കൂടി പ്രത്യക്ഷത്തിൽ ഒരാളെ മുസ്ലിമായി പരിഗണിക്കപ്പെടും. അതുകൊണ്ട് എന്തെല്ലാം അർത്ഥമാക്കുന്നുവോ അവയൊക്കെ തന്റ ജീവിത്തിൽ പുലർത്തി, പ്രായോഗവൽക്കരിക്കുമ്പോഴാണ് അയാൾ അത് ഉൾക്കൊണ്ടവനായി തീരുന്നത്. ആത്മാർത്ഥമായി അല്ലാഹുവിനെ മാത്രം ആരാധിക്കുക, ആരാധനക്ക് അവൻ മാത്രമാണ് അർഹൻ എന്ന് വിശ്വസിക്കുക, അല്ലാഹുവിനെ അല്ലാതെ ആരാധിക്കുന്നത് അർത്ഥശൂന്യമാണെന്ന് അറിയുക എന്നിവയെല്ലാം ഈ സാക്ഷ്യ വാക്യത്തിന്റെ പരിധിയിൽ വരുന്നു.

അല്ലാഹുവിനെയും പ്രവാചകൻ ﷺ യെയും സ്നേഹിക്കുക എന്നത് ഈ വാക്യങ്ങളുടെ അനിവാര്യതയിൽ ഉൾപ്പെടുന്നു. ഇതിൽ നിന്നാണ് അല്ലാഹുവിന്റെ ഔന്നിത്യം അംഗീകരിക്കുവാനും അവനെ മാത്രം ആരാധിക്കുവാനുമുള്ള സന്നദ്ധത മനുഷ്യനു കൈവരുന്നത്. നബി ﷺ യുടെ ചര്യയെ അനുധാവനം ചെയ്യാനുള്ള പ്രേരണയും ഈ സാക്ഷ്യ വാക്യത്തിന്റെ

തേട്ടമാകുന്നു. അല്ലാഹു പറയുന്നു: "നബിയേ പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്." (ആലു ഇംറാൻ:31).

"നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്നു നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക." (ഹശ്ർ:7). നബി ﷺ യുടെ തിരു വചനങ്ങളിലും ഈ വസ്തുതകൾ സ്പഷ്ടമാണ്. അവിടുന്ന് പറയുകയുണ്ടായി: 'മൂന്നു കാര്യങ്ങൾ ഒരാളിൽ ഉണ്ടായാൽ വിശ്വാസത്തിന്റെ മാധുര്യം അയാൾക്ക് നുകരാൻ സാധിക്കും. അതിൽ ഒന്ന് അല്ലാഹുവിനെക്കാളും അവന്റെ റസൂലിനെക്കാളും കൂടുതലായി മറ്റൊന്നിനെയും സ്നേഹിക്കാതിരിക്കുക' എന്നതാണ്. (ബുഖാരി, മുസ്ലിം).

മറ്റൊരു വചനത്തിൽ ഇപ്രകാരം കാണാം: "സ്വന്തം പിതാവിനെക്കാളും സന്താനത്തെക്കാളും മറ്റെല്ലാ മനുഷ്യരെയും സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ എന്നെ നിങ്ങൾ സ്നേഹിക്കുന്നതു വരെ നിങ്ങളാരും സത്യവിശ്വാസികൾ ആവുകയില്ല."

## നമസ്കാരത്തിന്റെ മഹത്വം

ഇസ്‌ലാമിന്റെ രണ്ടാമത്തെ സ്തംഭം നമസ്കാരം കൃത്യമായി നിലനിർത്തുക എന്നതാണ്. രണ്ടു സാക്ഷ്യ വാക്യങ്ങൾ കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും ഇതു തന്നെയാണ്. മതത്തിന്റെ സ്തംഭം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ നമസ്കാരത്തെ കുറിച്ചു തന്നെ ആയിരിക്കും അന്ത്യദിനത്തിൽ ആദ്യമായി വിചാരണ ചെയ്യുന്നതും. അതിനാൽ തന്നെ നമസ്കാരത്തിന്റെ കാര്യത്തിൽ വിജയിച്ചവൻ മഹാഭാഗ്യവാൻ ആയിരിക്കും. എന്നാൽ അത് നന്നായിരുന്നില്ലെങ്കിൽ അവൻ ഹതഭാഗ്യവാനാവുകയും ചെയ്യുന്നു. സുനിശ്ചിത സമയങ്ങളിൽ നിർവ്വഹിക്കപ്പെടേണ്ട അതിസുപ്രധാന ആരാധനയാണ് നമസ്കാരം. അല്ലാഹു പറയുന്നു: "തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണ്ണയിക്കപ്പെട്ട ഒരു നിർബന്ധ ബാധ്യതയാകുന്നു." (നിസാഅ്:13). നമസ്കാരം വളരെ ശ്രദ്ധയോടുകൂടി സൂക്ഷിച്ചു വരണമെന്ന് അല്ലാഹു നമ്മോടു കൽപിക്കുന്നുണ്ട്. "പ്രാർത്ഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവ്വഹിച്ചു പോരേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ ഭക്തിയോടു കൂടി നിന്നു കൊണ്ടാവണം നിങ്ങൾ പ്രാർത്ഥിക്കുന്നത്." (ബഖറ:238).

നമസ്കാരത്തെ നിസ്സാരവൽകരിക്കുക, സമയത്തിൽ നിന്ന് അതിനെ പിന്തിപ്പിക്കുക എന്നിവയെല്ലാം കർശനമായി മുന്നറിയിപ്പു നൽകിയ കാര്യങ്ങളാണ്. അല്ലാഹു പറയുന്നു: "എന്നിട്ടു അവർക്ക് ശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം ദുർമാർഗ്ഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതാണ്." (മർയം:59).

''തങ്ങളുടെ നമസ്കാരത്തെ പറ്റി ശ്രദ്ധയില്ലാതെ നമസ്കരിക്കു ന്നവർക്കാകുന്നു നാശം.'' (മാഊൻ:4,5).
ഇസ്ലാമിന്റെയും സത്യനിഷേധം, ബഹുദൈവ വിശ്വാസം എന്നിവയുടെയും ഇടയിലുള്ള സുപ്രധാന വ്യത്യാസം തന്നെ നമസ്കാരമാണെന്ന് ഹദീസുകൾ പഠിപ്പിക്കുന്നുണ്ട്. നബി ﷺ പറഞ്ഞു: ''ബഹുദൈവ വിശ്വാസം, സത്യ നിഷേധം എന്നിവ യുടെയും ഒരു മനുഷ്യന്റെയും ഇടയിലുള്ള വ്യത്യാസം നമസ് കാരം ഉപേക്ഷിക്കുക എന്നതാണ്.'' മറ്റൊരു വചനത്തിലുള്ളത് ''നമുക്കും അവർക്കും ഇടയിലുള്ള കരാർ നമസ്കാരം ആകു ന്നു. അത് ആരെങ്കിലും ഉപേക്ഷിക്കുന്നുവെങ്കിൽ അവൻ അവി ശ്വാസി ആയി.'' (അഹ്മദ്).

നമസ്കാരം സംഘടിതമായി പള്ളിയിൽ വെച്ച് നിർവ്വഹി ക്കൽ അതിശ്രേഷ്ഠമായ കാര്യമാണ്. ഉമർ ﵁ ൽ നിന്നും ഉദ്ധ രിക്കുന്ന ഒരു വചനത്തിൽ നബി ﷺ ഇപ്രകാരം പറഞ്ഞതായി കാണാൻ സാധിക്കുന്നു: ''സംഘടിത നമസ്കാരം തനിച്ചു നമ സ്കരിക്കുന്നതിനെക്കാൾ ഇരുപത്തി ഏഴു ഇരട്ടി കൂടുതൽ പ്രതിഫലം ലഭിക്കുന്നതാണ്.'' (ബുഖാരി, മുസ്ലിം).

സംഘടിത നമസ്കാരത്തിൽ നിന്നും പിന്തിനിൽക്കുന്നവ രുടെ വീടുകൾ ചുട്ടെരിക്കാൻ വരെ പ്രവാചകൻ ﷺ കരുതിയ തായി ബുഖാരിയും മുസ്ലിമും റിപ്പോർട്ടു ചെയ്യുന്ന ഹദീസി ൽ കാണാം.

''പ്രത്യേക കാരണമില്ലാതെ ബാങ്ക്വിളി കേട്ടിട്ടും ഉത്തരം ചെയ്യാത്തവന് (സംഘടിത നമസ്കാരത്തിന് പള്ളിയിൽ എ ത്താത്തവന്) നമസ്കാരം തന്നെ ഇല്ല എന്ന് ഇബ്നു മാജയും ദാറുഖുത്നിയും ഉദ്ധരിക്കുന്ന ഹദീസുകളിലുണ്ട്.

നമസ്കാരങ്ങൾ സംഘടിതമായി തന്നെ നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകതയും മാഹാത്മ്യവുമാണ് ഇതെല്ലാം നമ്മെ പഠിപ്പിക്കുന്നത്.

നമസ്കാരം അല്ലാഹുവിങ്കൽ സ്വീകാര്യമായിരിക്കുവാനും അതിന്റെ പരിപൂർണ്ണത നേടാനും സാധിക്കണമെങ്കിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട രണ്ടു നിബന്ധനയാണ് ഭയഭക്തിയും ശാന്തമ നസ്കരായി വളരെ അടക്കത്തോടും ഒതുക്കത്തോടും കൂടി നിർവ്വഹിക്കുക എന്നത്. ഖുർആൻ തന്നെ ആ കാര്യം ഉണർത്തുന്നുണ്ട്.

"തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തിയുള്ള വിശ്വാസികൾ വിജയിച്ചിരിക്കുന്നു." (മുഅ്മിനൂൻ:12). അടക്കവും ഒതുക്കവും ഇല്ലാതെ നമസ്കരിച്ച ഒരാളോട് നബി ﷺ വീണ്ടും മടക്കി നമസ്കരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

നമസ്കാരം നിർവ്വഹിക്കുന്നതിലൂടെ സാഹോദര്യ മനസ്ഥിതിയും സമത്വ ചിന്തയും ഉടലെടുക്കുന്നു. വിശുദ്ധ കഅ്ബയെ അഭിമുഖ കേന്ദ്രമായി സ്വീകരിക്കുന്നതിലൂടെ ഐക്യ മനോഭാവവും അവരിൽ പ്രകടമാവുന്നു. വിശ്വാസികൾക്ക് നമസ്കാരത്തിലൂടെ ആശ്വാസവും കൺകുളിർമ്മയും നേടാനാവുമെന്നും നബി ﷺ പഠിപ്പിച്ചിട്ടുണ്ട്. "നിങ്ങൾ നമസ്കാരം കൊണ്ടും സഹനം കൊണ്ടും സഹായം തേടുക." (ബഖറ:153) എന്ന ഖുർആൻ വചനത്തിന്റെ അടിസ്ഥാനത്തിൽ നബി ﷺ തനിക്ക് വല്ല അസ്വസ്ഥതയും ഉണ്ടായാൽ ഉടനെ ബിലാൽ رضي الله عنه വിനെ വിളിക്കുകയും "ബിലാലേ താങ്കൾ നമസ്കാരത്തിന് ഇഖാമത്ത് കൊടുക്കുക, അതിലൂടെ ഞങ്ങൾക്ക് ആശ്വാസം ലഭിക്കട്ടെ" എന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു. കാരണം ഒരു മുസ്ലിം നമസ്കാരത്തിനായി തന്റെ സ്രഷ്ടാവിന്റെ മുമ്പിൽ നിൽക്കുമ്പോൾ മനഃസമാധാനം ഉണ്ടാവുന്നു. അയാളുടെ

ആത്മാവിന് ആശ്വാസമുണ്ടാവുന്നു. തന്റെ സംരക്ഷകനായ റബ്ബി ന്റെ മുമ്പിലാണ് നിൽക്കുന്നതെന്ന ചിന്തയാൽ കൺകുളിർമ യും തന്റെ അവയവങ്ങൾക്ക് ഭയപ്പാടുമുണ്ടാവുന്നു.

## സകാത്ത്

യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ധനം ക്രയവിക്രയം നട ത്തുവാനായി മനുഷ്യരെ അവൻ ഏല്പിച്ചിരിക്കുകയാണ്. ഈ വസ്തുത മനസ്സിലാക്കുന്നവരാണ് മുസ്ലിംകൾ. ഇസ്ലാമിന്റെ മഹത്തായ ലക്ഷ്യത്തെ കുറിച്ച് ബോധമുള്ളവർ സാമൂഹ്യ ബാ ധ്യതയും ഇസ്ലാമിലെ മൂന്നാമത്തെ സ്തംഭവുമായ സകാത്ത് നൽകാൻ സന്നദ്ധരാവുന്നു. അതിലൂടെ പരസ്പര സ്നേഹവും കാരുണ്യവും അലിവും കാണിക്കാൻ മുസ്ലിംകൾക്കിടയിൽ പ്രചോദനമുണ്ടാവുന്നു. അങ്ങനെ സകാത്തിനെ തന്റെ ഔദാ ര്യമായി കാണുന്നതിനു പകരം അവരുടെ ബാധ്യതയായി മന സ്സിലാക്കുന്നു. വിശുദ്ധ ഖുർആനിലെ ഒരു വചനം ശ്രദ്ധിക്കുക: "അല്ലാഹു നിങ്ങൾക്കു നൽകിയിട്ടുള്ള സമ്പത്തിൽ നിന്ന് അവർക്ക് നിങ്ങൾ നൽകി സഹായിക്കുകയും ചെയ്യുക." (നൂർ:33). "നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വ സിക്കുകയും, അവൻ നിങ്ങളെ ഏതൊരു സ്വത്തിൽ പിന്തുടർ ച്ച നൽകപ്പെട്ടവർ ആക്കിയിരിക്കുന്നോ അതിൽ നിന്നും ചെല വഴിക്കുകയും ചെയ്യുക. അങ്ങനെ നിങ്ങളുടെ കൂട്ടത്തിൽ നിന്ന് വിശ്വസിക്കുകയും ചെലവഴിക്കുകയും ചെയ്തവരാരോ അവർക്ക് വലിയ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്."(ഹദീദ്:7).

ധാരാളം സ്ഥലങ്ങളിൽ നമസ്കാരത്തെ പരാമർശിച്ചു പ്രസ്താവിക്കുന്നതിന്റെ കൂടെ തന്നെ സകാത്തിനെ കുറിച്ചും പരാമർശിക്കുന്നതായി കാണാൻ സാധിക്കുന്നു. സകാത്തിന്റെ പ്രാധാന്യം കൊണ്ടായിരുന്നു മഹാനായ അബൂബക്കർ (റ) അത് നൽകാൻ വിസമ്മതിച്ച ചില അറബി ഗോത്രങ്ങൾക്കെതി രെ യുദ്ധം പ്രഖ്യാപിച്ചത്. എന്നിട്ട് അദ്ദേഹം പ്രഖ്യാപിക്കുകയു

ണ്ടായി: ''അല്ലാഹു തന്നെയാണു സത്യം നമസ്കാരത്തിന്റെയും സകാത്തിന്റെയും ഇടയിൽ വേർതിരിവു കാണിക്കുന്നവർക്കെതിരെ ഞാൻ യുദ്ധം നയിക്കുകതന്നെ ചെയ്യും.'' ഇതേ മാർഗ്ഗം തന്നെയാണ് സ്വഹാബികൾ എല്ലാവരും തുടർന്നിരുന്നതും.

സമ്പത്ത് ചെലവു ചെയ്യാതെ പിശുക്ക് കാണിക്കുന്നവർക്കെതിരെ അല്ലാഹു ശക്തമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഒരു വചനം ശ്രദ്ധിക്കുക:''സ്വർണ്ണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത് ചിലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷ വാർത്ത അറിയിക്കുക.'' (തൗബ:34).

ഒരു മുസ്ലിം തന്റെ സ്വത്ത് ഒരു വർഷം പൂർണ്ണമായി തന്റെ കൈയിൽ വെക്കുകയും അതിന് സക്കാത്ത് നിർബന്ധമായി തുടങ്ങുന്ന പരിധി (നിസ്വാബ്) ഉണ്ടാവുകയും ചെയ്താൽ സകാത്ത് നൽകൽ നിർബന്ധമാണ്. ഈ പറഞ്ഞത് നാണയങ്ങളുടെ കാര്യമാണ്. എന്നാൽ കാർഷിക ഉൽപന്നങ്ങൾക്ക് വർഷം തികയുക എന്ന നിബന്ധന ബാധകമല്ല. അവയുടെ വിളവ് എടുക്കുന്ന സമയത്താണ് സകാത്ത് നൽകേണ്ടത്. സകാത്ത് സ്വീകരിക്കാൻ അർഹരായ എട്ടു വിഭാഗത്തെയാണ് ഖുർആൻ എണ്ണിയിട്ടുള്ളത്. ''ദാന ധർമ്മങ്ങൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും ഇസ്ലാമുമായി മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടം കൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിലും വഴിപോക്കനും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്നും നിശ്ചയിക്കപ്പെട്ടതത്രെ ഇത്.'' (തൗബ:59).

## വ്രതം അനുഷ്ഠിക്കൽ

വിശുദ്ധ റമദാൻ മാസത്തിലെ നോമ്പനുഷ്ഠിക്കൽ ഇസ്ലാമിലെ നാലാമത്തെ സ്തംഭമാണ്. അല്ലാഹു പറയുന്നു: ''സത്യവിശ്വാസികളെ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപ്പിച്ചിരുന്നത് പോലെ തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപ്പിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷ ബാധയെ സൂക്ഷിക്കാൻ വേണ്ടിയത്രെ അത്.'' (ബഖറ:183).

നോമ്പനുഷ്ഠിക്കുന്നതിലൂടെ മുസ്ലിംകൾ തങ്ങളുടെ ആത്മാവിനെ സർവ്വ തിന്മകളിൽ നിന്നും കടിഞ്ഞാണിട്ടു നിയന്ത്രിക്കുവാനും, അനുവദനീയവും ആസ്വാദ്യകരവുമായ കാര്യങ്ങളെ പോലും താൽക്കാലികമായി ഒഴിവാക്കുവാനും ശീലിക്കുന്നു. അങ്ങനെ ആത്മീയവും ആരോഗ്യപരവുമായ ധാരാളം ഈ വ്രതം അനുഷ്ഠിക്കുന്നതിലൂടെ നേടിയെടുക്കാൻ സാധിക്കുന്നു. ഇപ്പോഴും ആഫ്രിക്കൻ രാജ്യങ്ങളിൽ ഭക്ഷണത്തിനു വഴിയില്ലാതെ പട്ടിണി കൊണ്ട് ദുരിതമനുഭവിക്കുന്ന സഹോദരങ്ങളുടെ കഷ്ടപ്പാടുകൾ ഒരു പരിധി വരെ അനുഭവിച്ചു മനസ്സിലാക്കുവാനും ചിന്തിക്കുവാനും ഇത് സാഹചര്യമൊരുക്കുന്നു.

മാസങ്ങളിൽ അതിശ്രേഷ്ഠമായ റമളാനിലാണ് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചത്. അല്ലാഹു പറയുന്നു: ''ജനങ്ങൾക്ക് മാർഗ്ഗ ദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ.'' (ബഖറ:185). ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ രാത്രി ഉൾകൊള്ളുന്നതും റമളാൻ മാസത്തിലാണ്. അല്ലാഹു പറയുന്നു: ''തീർച്ചയായും നാം അതിനെ (ഖുർആനിനെ) നിർണ്ണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണ്ണയത്തിന്റെ രാത്രി എന്നാൽ എന്താ

ണെന്ന് നിനക്കറിയാമോ? നിർണ്ണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.'' (ഖദ്ർ:1-3)

ബുഖാരിയും മുസ്‌ലിമും റിപ്പോർട്ടു ചെയ്യുന്ന ഒരു ഹദീസിന്റെ സാരം ഇപ്രകാരമാണ്: ''വിശ്വാസത്തോടും പ്രതിഫലം ആഗ്രഹിച്ചു കൊണ്ടും റമളാനിൽ ആരെങ്കിലും നോമ്പ് അനുഷ്ഠിച്ചാൽ കഴിഞ്ഞു പോയ പാപങ്ങളെല്ലാം പൊറുക്കപ്പെടും. വിശ്വാസത്തോടും പ്രതിഫലം ആഗ്രഹിച്ചു കൊണ്ടും റമളാനിൽ ആരെങ്കിലും നിന്നു നമസ്കരിക്കുന്നുവെങ്കിൽ അയാളുടെ കഴിഞ്ഞു പോയ പാപങ്ങൾ പൊറുക്കപ്പെടും. വിശ്വാസത്തോടും പ്രതിഫലം ആഗ്രഹിച്ചു കൊണ്ടും നിർണ്ണയത്തിന്റെ രാവിൽ ആരെങ്കിലും നിന്നു നമസ്കരിച്ചാൽ അയാളുടെ കഴിഞ്ഞു പോയ പാപങ്ങൾ പൊറുക്കപ്പെടും." (ബുഖാരി, മുസ്‌ലിം).

നോമ്പുകാരൻ ഏഷണി, പരദൂഷണം, കളവ് പോലുള്ള കുറ്റകരവും വ്യർത്ഥവുമായ ഭാഷണങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കണം. അതിനെക്കാൾ ഉപരിയായി നിഷിദ്ധമായ കാര്യങ്ങൾ തന്നിൽ നിന്നും വന്നു പോകുന്നത് വളരെ സൂക്ഷിക്കുകയും വേണം. ഖുർആൻ പാരായണം, അല്ലാഹുവിനെ സ്മരിക്കൽ, ദാന ധർമ്മങ്ങൾ, മറ്റു ആരാധനാ കർമ്മങ്ങൾ എന്നിവ അവസാനത്തെ പത്തു നാളുകളിൽ ധാരാളം വർദ്ധിപ്പിക്കുകയും ചെയ്യണം.

## ഹജ്ജ് കർമ്മം

പരിശുദ്ധ കഅ്ബാലയത്തിൽ ചെന്ന് ഹജ്ജ് നിർവ്വഹിക്കലാണ് ഇസ്ലാമിലെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തേത്: അല്ലാഹു പറയുന്നു: ''ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യൻ അതിലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു.'' (ആലുഇംറാൻ:97).

പ്രായപൂർത്തിയെത്തിയ സ്വതന്ത്രനും ബുദ്ധിമാനും മുസ്ലിമുമായ എല്ലാവർക്കും കഴിയുമെങ്കിൽ ജീവിതത്തിൽ ഒരു പ്രാവശ്യം ഹജ്ജും ഉംറയും നിർവ്വഹിക്കൽ നിർബ്ബന്ധമാണ്. കുട്ടികൾ അത് ചെയ്യുന്നുവെങ്കിൽ സ്വീകരിക്കപ്പെടുന്നതാണ്. എന്നാൽ അവർക്കുള്ള ഫർള് (നിർബ്ബന്ധ ബാധ്യത) വീടണമെങ്കിൽ പ്രായപൂർത്തി എത്തിയതിനു ശേഷം കഴിവുണ്ടെങ്കിൽ ഹജ്ജ് കർമ്മം വീണ്ടും നിർവ്വഹിക്കേണ്ടതാണ്. ഒരു സ്ത്രീയെ സംബന്ധച്ചിടത്തോളം ഹജ്ജും ഉംറയും നിർവ്വഹിക്കാൻ വേണ്ടി അവളുടെ കൂടെ യാത്ര ചെയ്യാൻ അനുവദിക്കപ്പെടുന്ന കുടുംബത്തിലെ പുരുഷന്മാർ ഇല്ലെങ്കിൽ ഹജ്ജ് കർമ്മം അവർക്ക് നിർബ്ബന്ധമില്ല. കാരണം, ഒരു സ്ത്രീ തനിച്ച് യാത്ര ചെയ്യുന്നത് നബി ﷺ കർശനമായി വിരോധിച്ചിട്ടുണ്ട്.

ഹജ്ജ് ഒരർത്ഥത്തിൽ ഒരു മുസ്ലിം സമ്മേളനമാകുന്നു. വിദൂര ദിക്കുകളിൽ നിന്നും വൈവിധ്യമായ ഭാഷക്കാരും ദേശക്കാരും ഒരേ വേഷത്തോടെ ഒത്തു ചേരുന്നു. അവർക്കിടയിൽ വകഭേദങ്ങൾ കാണപ്പെടില്ല. ചെറുപ്പ വലിപ്പ വ്യത്യാസമില്ല. ധനികനും ദരിദ്രനും അവരിലുണ്ട്. എന്നാൽ എല്ലാവരും സാഹോദര്യത്തോടെയും, സമഭാവനയോടെയും ഏക നാഥനെ ആരാധിക്കാനായി ഒത്തു ചേർന്നിരിക്കുന്നു: അല്ലാഹു പറയുന്നു: ''ഹേ, മനുഷ്യരെ തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയുന്നതിന് നിങ്ങളെ നാം വി

വിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠം പാലിക്കുന്നവനാകുന്നു.'' (ഹുജറാത്ത്:13).

നബി ﷺ പറഞ്ഞതു പോലെ സ്വീകാര്യ യോഗ്യമായ ഹജ്ജും ഉംറയും പാപങ്ങൾ പൊറുക്കപ്പെടാനും സ്വർഗ്ഗാവകാശിയാകുവാനും വിശ്വാസികൾക്ക് അവസരമേകുന്നു. ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസ് അബൂ ഹുറൈറ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ ഇങ്ങനെ കാണാം:''ഒരു ഉംറ മറ്റേ ഉംറയുടെ ഇടയിലുള്ള പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാകുന്നു. എന്നാൽ പുണ്യാർഹമായ ഹജ്ജ് കർമ്മത്തിന് സ്വർഗ്ഗമല്ലാതെ പ്രതിഫലമില്ല. മറ്റൊരു നബി വചനത്തിൽ ഇങ്ങനെ കാണാം: ''വൃത്തികേടുകൾ പറയാതെയും അനാവശ്യം പ്രവർത്തിക്കാതെയും അല്ലാഹുവിന് വേണ്ടി ആരെങ്കിലും ഹജ്ജ് ചെയ്യുന്നുവെങ്കിൽ പ്രസവിക്കപ്പെട്ട ഒരു കൊച്ചു കുഞ്ഞിനെപ്പോലെ പരിശുദ്ധനായിട്ടായിരിക്കും അവൻ തിരിച്ച് പോരുന്നത്.'' (ബുഖാരി, മുസ്‌ലിം).

## സുപ്രധാനമായ പുണ്യകർമ്മങ്ങൾ

ഇസ്‌ലാം കാര്യങ്ങളായി എണ്ണിയിട്ടില്ലെങ്കിലും ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട സുപ്രധാനമായ ചില ഗുണങ്ങളുണ്ട്. അവയിൽ ചിലത് താഴെ വിവരിക്കുന്നു.

### നന്മ കൽപിക്കലും തിന്മ വിരോധിക്കലും

മനുഷ്യ രാശിക്കു വേണ്ടി ഉയർത്തെഴുന്നേൽപിക്കപ്പെട്ട ഒരു ഉത്തമ സമുദായമാണ് മുസ്‌ലിംകൾ എന്നും, അവരുടെ സുപ്രധാനമായ ഒരു ഗുണമാണ് സദാചാരം കൽപിക്കലും ദുരാചാരത്തെ തടുക്കലുമെന്നും വിശുദ്ധ ഖുർആൻ പറയുന്നുണ്ട്: "മനുഷ്യ വംശത്തിനു വേണ്ടി രംഗത്തു കൊണ്ടു വരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു." (ആലുഇംറാൻ:110) ഈ സമുദായത്തിലെ അത്യുൽകൃഷ്ടനാകാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യട്ടെ എന്ന് പൂർവ്വികർ പറയാറുണ്ടായിരുന്നു.

### അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ധർമ്മ സമരം

ഇസ്‌ലാമിക രാജ്യത്തിന്റെ സംരക്ഷണത്തിനും മുസ്‌ലിംകളുടെ അന്തസ്സിനും സർവ്വോപരിയായി അല്ലാഹുവിന്റെ വചനത്തിന്റെ ഔന്നിത്യത്തിനുമായി ധർമ്മ സമരം ചെയ്യൽ മുസ്‌ലിംകൾക്കു നിർബ്ബന്ധമാണ്. ഇബ്നു ഉമർ ﵁ വിൽ നിന്നും നിവേദനം ചെയ്യുന്ന ഒരു വചനം ഇങ്ങനെ കാണാം: "അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് ﷺ അല്ലാഹുവിന്റെ പ്രവാചകനാണെന്നും സാക്ഷ്യം വഹിക്കുക, നസ്കാരം കൃത്യ

മായി നില നിർത്തുക, സക്കാത്ത് നൽകുക എന്നീ കാര്യങ്ങൾ ചെയ്യുന്നതു വരെ ജനങ്ങളോട് ധർമ്മ സമരം പ്രഖ്യാപിക്കാൻ എന്നോട് കൽപിച്ചിരിക്കുന്നു. ഈ കാര്യങ്ങൾ അംഗീകരിക്കുന്ന പക്ഷം ഇസ്‌ലാമിന്റെ അവകാശം കൊണ്ടല്ലാതെ അവരുടെ രക്തം, സമ്പത്ത് എന്നിവ സുരക്ഷിതമാണ്. പിന്നീടവരുടെ വിചാരണ അല്ലാഹുവിന്റെ അടുക്കലുമാണ്.'' (ബുഖാരി, മുസ്‌ലിം). മുആദ് ﷺ വിൽ നിന്നുള്ള മറ്റൊരു വചനത്തിൽ ഇപ്രകാരമാണ്:

رأس الأمر الاسلام، وعموده الصلاة، وذروة سنامه الجهاد في سبيل الله

നബി ﷺ പറഞ്ഞിരിക്കുന്നു: ''ഇസ്‌ലാം എന്നത് കാര്യങ്ങളുടെ ശിരസ്സിന്റെ സ്ഥാനത്താണ്. അവയുടെ സ്തംഭമാണ് നമസ്കാരം. അതിന്റെ പൂഞ്ഞയാണ് ദൈവ മാർഗ്ഗത്തിലുള്ള ധർമ്മ സമരം.'' (മുസ്നദ് അഹ്മദ്, തിർമുദി)

അബൂബക്കർ ﷺ വിനെ ബൈഅത്ത് ചെയ്തതിനു ശേഷം അദ്ദേഹം നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: ''അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ധർമ്മ സമരം ഉപേക്ഷിക്കുന്ന ജനതയിൽ നിന്ദ്യത പിടികൂടുന്നതാണ്.'' കാരണം ശരിയായ രൂപത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കളിൽ നിന്നും മുസ്‌ലിംകളെയും അവരുടെ ദേശത്തെയും സംരക്ഷിക്കേണ്ടത് മുസ്‌ലിംകളുടെ പൊതു ബാധ്യതയാണ്. അസത്യത്തിനെതിരെ പോരാടി സത്യത്തെ സാക്ഷാൽക്കരിക്കാനുള്ള ശക്തമായ പ്രയത്നമാണ് യഥാർത്ഥത്തിൽ ധർമ്മ സമരം എന്നു പറയുന്നത്.

## അന്തിമ പ്രവാചകനും ഇസ്‌ലാം മതവും

മനുഷ്യർ ഏതൊരു ശുദ്ധ പ്രകൃതിയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ അതേ പ്രകൃതിക്ക് അനുയോജ്യമായ അല്ലാഹുവിന്റെ മതസംഹിതയാണ് പരിശുദ്ധ ദീനുൽ ഇസ്‌ലാം. പൂർവ്വീകരായ പ്രവാചകന്മാരെല്ലാം തന്റെ ജനതയെ ക്ഷണിച്ചിരുന്നത് മുസ്

ലിംകളായി ജീവിക്കുവാനായിരുന്നു. അല്ലാഹുവിന്റെ ഖലീൽ എന്നും അംബിയാക്കളുടെ പിതാവ് എന്നും വിശേഷിപ്പിക്കപ്പെട്ട ഇബ്റാഹീം നബി ﷺ യെ കുറിച്ച് ഖുർആനിന്റെ പരാമർശം ശ്രദ്ധിക്കുക:''സ്വന്തം ആത്മാവിനെ മൂഢനാക്കിയവനല്ലാതെ മറ്റാരാണ് ഇബ്റാഹീമിന്റെ മാർഗ്ഗത്തോട് വിമുഖത കാണിക്കുക. ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തിരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും. 'നീ കീഴ്പ്പെടുക' എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവ്വ ലോക രക്ഷിതാവിന് ഞാനിതാ കീഴ്പ്പെട്ടിരിക്കുന്നു എന്നദ്ദേഹം പറഞ്ഞു. ഇബ്റാഹീമും, യഅ്ഖൂബും അവരുടെ സന്തതികളോട് ഇത് (കീഴ്വണക്കം) ഉപദേശിക്കുക കൂടി ചെയ്തു. എന്റെ മക്കളെ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ഠമായി തെരെഞ്ഞെടുത്തു തന്നിരിക്കുന്നു. അതിന്നാൽ അല്ലാഹുവിന് കീഴ്പ്പെടുന്നവരായി (മുസ്ലിംകളായി) കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്''. (ഇങ്ങനെയാണ് അവരോരുത്തരും ഉപദേശിച്ചത്). (ബഖറ: 130 -132).

ഈ മഹത്തായ മതവുമായിത്തന്നെയാണ് അല്ലാഹു മുഹമ്മദ് നബി ﷺ യെയും നിയോഗിച്ചതും വേദഗ്രന്ഥത്തിന്റെ ആളുകളായിരുന്ന ക്രൈസ്തവരും യഹൂദികളും അവരുടെ ഗ്രന്ഥങ്ങളിൽ ധാരാളമായി മാറ്റത്തിരുത്തലുകൾ ഉണ്ടാക്കി. അവരുടെ ഇഷ്ടത്തിനനുസരിച്ച് തൗറാത്തിലും ഇഞ്ചീലിലും അവർ മാറ്റം വരുത്തി. അങ്ങനെ അവർ അജ്ഞതയിലേക്കും വഴികേടിലേക്കും തിരിച്ചു പോയി. സത്യ നിഷേധികളുടെ കൂടെ നിന്നു കൊണ്ടവർ മുഹമ്മദ് ﷺയെ എതിർക്കുവാൻ തുടങ്ങി. യഥാർത്ഥത്തിൽ അവരുടെ വേദഗ്രന്ഥങ്ങളിൽ മുഹമ്മദ് ﷺയെ അംഗീകരിക്കുവാനും അദ്ദേഹത്തെ പിൻപറ്റുവാനും അവരോടു ആവശ്യപ്പെടുന്നുണ്ട്. ഈ വസ്തുത മനസ്സിലാക്കിയിട്ടും അവരുടെ ധിക്കാരം സത്യത്തിൽ നിന്നവരെ അകറ്റുകയാ

ണുണ്ടായത്. അവരെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: "നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയാവുന്നത് പോലെ അദ്ദേഹത്തെ (റസൂലിനെ) അറിയാവുന്നതാണ്." (ബഖറ:146). അബൂഹുറൈറ നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ നബി ﷺ പറഞ്ഞു: അല്ലാഹു തന്നെയാണു സത്യം. ഈ സമൂഹത്തിൽ നിന്ന് ആരെയെങ്കിലും ഒരാൾ - അവൻ യഹൂദിയോ ക്രിസ്ത്യാനിയോ ആയിരിക്കട്ടെ - എന്നെ കുറിച്ച് കേൾക്കാൻ ഇടവരികയും, പിന്നീട് എന്റെ ദൗത്യത്തിൽ വിശ്വസിക്കാതിരിക്കുയും ചെയ്യുന്നുവെങ്കിൽ അയാൾ നരകത്തിൽ പ്രവേശിക്കാതിരിക്കില്ല. (മുസ്ലിം).

ഇതു കൊണ്ടായിരുന്നു നബി ﷺ മദീനയിൽ സുസ്ഥിരമായ ഉടനെ തന്റെ സമകാലികരായ രാജാക്കന്മാരെ സന്മാർഗ്ഗത്തിലേക്ക് ക്ഷണിച്ചു കൊണ്ട് കത്തുകൾ എഴുതിയിരുന്നത്. പേർഷ്യൻ ചക്രവർത്തിയുടെ സൈന്യധിപനായിരുന്ന റുസ്തമിനോട് രിബ്ഇ ബിൻ ആമിർ നൽകുന്ന മറുപടിയും ഈ വസ്തുത വിളിച്ചോതുന്നുണ്ട്. അദ്ദേഹം പറഞ്ഞു:"മനുഷ്യർക്ക് ആരാധന ചെയ്യുന്നതിൽ നിന്ന് മനുഷ്യരെ മോചിപ്പിച്ച്, അല്ലാഹുവിനു മാത്രം ആരാധന ചെയ്യിപ്പിക്കുന്നതിനായി നിയുക്തമാക്കപ്പെട്ട ഒരു ജനതയാണ് ഞങ്ങൾ. ഐഹിക ജീവിതത്തിന്റെ സങ്കുചിതത്വങ്ങളിൽ നിന്നും മുക്തരാക്കി ഐഹികവും പാരത്രികവുമായ വിശാലതയിലേക്ക് ഞങ്ങൾ ജനങ്ങളെ നയിക്കുന്നു. മതങ്ങളുടെ അധർമ്മങ്ങളിൽ നിന്നും ഇസ്ലാമിക നീതിയിലേക്ക് അവരെ ഞങ്ങൾ ആനയിക്കുന്നു." (താരീഖു ത്വബ്രി).

ഇസ്ലാം മതം മനുഷ്യരുടെ സർവ്വതോന്മുഖമായ നന്മയാണ് ഉദ്ദേശിക്കുന്നത്. ദൈവദൂതന്മാരെ അംഗീകരിച്ചും അവരിൽ വിശ്വാസമർപ്പിച്ചും ഏകദൈവ വിശ്വാസത്തിലേക്ക് - അതെ, സത്യസമ്പൂർണ്ണ മാർഗ്ഗത്തിലേക്ക് - മനുഷ്യരെ നയിക്കുന്നു. ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഇസ്ലാമിലേക്കുള്ള പ്രബോധനം ഈ മതത്തിന്റെ ഒരു അനിവാര്യ തേട്ടമാകുന്നു.

ക്രൈസ്തവരും യഹൂദികളും പരസ്പര വിരുദ്ധമായ രണ്ട റ്റങ്ങളിൽ നിലകൊള്ളുന്നു. പ്രവാചകന്മാരോട് സ്വീകരിക്കേണ്ട നിലപാടിൽ വളരെയധികം വീഴ്ചകൾ വരുത്തിയ വിഭാഗമാണ് യഹൂദികൾ. ധാരാളം പ്രവാചകന്മാരെ അവർ അറുകൊല ചെ യ്തു. മറ്റു പല പ്രവാചകന്മാരെ കുറിച്ചും കേവല സാധാരണ മനുഷ്യരെ കുറിച്ചു പോലും പറയാൻ പാടില്ലാത്ത കാര്യങ്ങൾ കൊണ്ട് വിശേഷിപ്പിച്ചു. യഥാർത്ഥത്തിൽ പ്രവാചകന്മാർ തെറ്റു വ ന്നു പോകാത്ത മഹാരഥന്മാരാണെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

എന്നാൽ ക്രൈസ്തവ സമൂഹം തങ്ങളുടെ വിശ്വാസ സി ദ്ധാന്തങ്ങളിൽ വളരെയധികം അതിരു കവിഞ്ഞതായി കാണ പ്പെടുന്നു.ഈസാ നബി ﷺ യെ കുറിച്ച് അല്ലാഹുവിന്റെ പുത്ര നായും ദൈവമായും അവർ വിശേഷിപ്പിച്ചു. ത്രിയേകത്വ സാങ്ക ൽപിക ദൈവ വിശ്വാസം പടച്ചുണ്ടാക്കി.

എന്നാൽ ഇസ്ലാം മതം ഈ വ്യർത്ഥമായ മാനങ്ങളെയും അർത്ഥശൂന്യമായ സിദ്ധാന്തങ്ങളെയും തിരസ്കരിച്ച് സത്യത്തി ന്റെയും നീതിയുടെയും അടിസ്ഥാനത്തിൽ സ്ഥാപിതമായ മത മാണ്. വീഴ്ചകളോ അപചയങ്ങളോ സംഭവിച്ചിട്ടില്ല. തീവ്രത ക്കും മാന്ദ്യതക്കും ഇടയിൽ മധ്യമമായ, നീതിയുക്തമായ സമീ പനമാണ് സ്വീകരിച്ചിട്ടുള്ളത്. വിശുദ്ധ ഖുർആൻ ഇത് ഊന്നി പറയുന്നുണ്ട്.

''അപ്രകാരം നാം നിങ്ങളെ മധ്യമ സമുദായമാക്കിയിരി ക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷി ആയിരിക്കുവാനും വേണ്ടി.'' (ബഖറ:143).

വേദക്കാരുടെ അതിർകവിച്ചിലുകളെ രൂക്ഷമായി വിമർശി ച്ചു കൊണ്ടും അത്തരം പ്രവണതകളെ സൂക്ഷിക്കണമെന്ന മു ന്നറിയിപ്പ് നൽകി കൊണ്ടും ഖുർആൻ പറയുന്നത് കാണുക:

''വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരു കവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്.'' (നിസാഅ്:171).

ഇബ്നു അബ്ബാസ് ﷺ ൽ നിന്ന് നിവേദനം ചെയ്യുന്ന നബി വചനത്തിൽ ഇങ്ങനെ കാണാം: ''നിശ്ചയം, നിങ്ങൾ മതത്തിൽ അതിരു കവിയുന്നത് കരുതിയിരിക്കുക. പൂർവ്വീകരായ ആളുകൾ അവരുടെ മതത്തിൽ അതിരുകവിഞ്ഞപ്പോഴാണ് നശിപ്പിക്കപ്പെട്ടത്.'' (അഹ്മദ്). ഉമർ ﷺ ൽ നിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ കാണുന്നത് ''ക്രിസ്ത്യാനികൾ മർയമിന്റെ പുത്രനെ ബഹുമാനിച്ചതു പോലെ നിങ്ങൾ എന്നെ അമിതമായി ബഹുമാനിക്കേണ്ടതില്ല. നിശ്ചയം ഞാനൊരു അടിമയാണ്. അല്ലാഹുവിന്റെ ദാസൻ എന്നും അവന്റെ ദൂതൻ എന്നും നിങ്ങൾക്കു പറയാം.'' (ബുഖാരി).

ഇസ്ലാം സത്യ സമ്പൂർണ്ണമായ മതമാണ്, ദൈവദത്തമായ മതം. സൂക്ഷ്മജ്ഞാനിയും തത്വസമ്പൂർണ്ണനും യുക്തിമാനുമായ അല്ലാഹു അവതരിപ്പിച്ച മതം. അതിനാൽ തന്നെ പ്രസ്തുത മതത്തിന്റെ ഉൽകൃഷ്ടഗുണങ്ങൾ പറഞ്ഞു തീർക്കാൻ സാധ്യമല്ല. അതിന്റെ മഹത്വം എണ്ണി തിട്ടപ്പെടുത്തുക അസാധ്യമാണ്. മനുഷ്യരുടെ നന്മയെ കുറിച്ച് കൃത്യമായി അറിയുന്ന അല്ലാഹു ആ സമുദായത്തിന് ഗുണകരമായ വല്ലതും അറിയിക്കാതിരിക്കുമോ? അവർക്ക് എന്തെങ്കിലും അപകടമുണ്ടായേക്കാവുന്ന കാര്യങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകാതിരിക്കുമോ? നബി ﷺ യുടെ ഒരു വചനം ശ്രദ്ധിക്കുക. അവിടുന്നു പറഞ്ഞു: ''ഒരു സമൂഹത്തിന് ഒരു പ്രവാചകനെ നിയോഗിക്കുമ്പോൾ അവർക്ക് തിന്മയായ കാര്യത്തെ കുറിച്ച് മുന്നറിയിപ്പ് നൽകാതെയും നന്മയുള്ള കാര്യത്തെ കുറിച്ച് പഠിപ്പിക്കാതെയും പ്രവാചകന്മാർ കഴിഞ്ഞു പോയിട്ടില്ല.'' (മുസ്ലിം). മറ്റു വചനങ്ങളിൽ

അവിടുന്നു പറഞ്ഞത് ''നിശ്ചയം സൽഗുണങ്ങളുടെ സമ്പൂർണ്ണതക്കാണ് എന്നെ നിയോഗിച്ചത്'' എന്നും ''ആദരണീയ സ്വഭാവ ഗുണങ്ങളുടെ പൂർത്തീകരണത്തിനാണ് എന്നെ നിയോഗിച്ചത്'' എന്നു കൂടി കാണാം.

## പരിസമാപ്തി

ക്രൈസ്തവരും യഹൂദികളും മറ്റു അവിശ്വാസികളുമായ ധാരാളം ആളുകൾ ഇന്ന് കൂട്ടം കൂട്ടമായി ഇസ്‌ലാമിലേക്കു വന്നു കൊണ്ടിരിക്കുകയാണ്. മറ്റു മതങ്ങളും സിദ്ധാന്തങ്ങളും തത്വശാസ്ത്രങ്ങളും എല്ലാം യഥാർത്ഥത്തിൽ മനുഷ്യ മനസ്സിന്ന് ശാന്തിയും സമാധാനവും നൽകുന്നിടത്ത് പരാജയപ്പെട്ടിരിക്കുകയാണ് എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഈ സന്ദർഭത്തിൽ വിശിഷ്യാ മതപ്രബോധകന്മാർ കൂടുതൽ താൽപര്യവും ശ്രദ്ധയും കാണിക്കേണ്ടതുണ്ട്. മാത്രമല്ല, ഇസ്‌ലാമിന്റെ ശരിയായ ശിക്ഷണവും പെരുമാറ്റങ്ങളും മര്യാദകളും നാം അവർക്ക് പ്രായോഗികമായി കാണിച്ചു കൊടുക്കേണ്ടതും അനിവാര്യമായിരിക്കുന്നു. മാനവരാശി മുഴുവൻ ഇന്ന് സത്യത്തിന്റെ സന്ദേശം എവിടെയാണുള്ളതെന്ന് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. പ്രസ്തുത സന്ദേശത്തിലേക്ക് ഒരാളെയെങ്കിലും ആനയിക്കുവാൻ നമുക്ക് സാധിക്കുന്നുവെങ്കിൽ നാം സൗഭാഗ്യവാന്മാരാണ്. ഖുർആനിലെ വചനം ശ്രദ്ധിക്കുക: "അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്യുന്നവനേക്കാൾ വിശിഷ്ടമായ വാക്കു പറയുന്ന മറ്റാരുണ്ട്." (ഫുസ്സിലത്ത്:33).

അല്ലാഹുവേ, ഞങ്ങളെ നീ സത്യമാർഗ്ഗത്തിലേക്കുള്ള പ്രബോധകന്മാരാക്കി മാറ്റേണമേ. വളരെയധികം ഉൾക്കാഴ്ചയോടെ മതപ്രബോധനം നടത്താനുള്ള തൗഫീഖ് നീ ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ. നീ സർവ്വ ശക്തനാണ്. ഞങ്ങളെ നീ അനുഗ്രഹിച്ചാലും.

# ഭാഗം രണ്ട്

## ( ചോദ്യോത്തരങ്ങൾ )

### ഉത്തരം നൽകുന്ന പണ്ഡിതവര്യർ

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ(റ)
സമാഹത്തു ശൈഖ് അബ്ദുല്ലാ ഇബ്നു ബാസ്(റ)
ഫളീലത്തു ശൈഖ് മുഹമ്മദ് ഇബ്നു ഉഥൈമീൻ
ഫളീലത്തു ശൈഖ് അബ്ദുല്ലാ ഇബ്നു ജിബ്രീൻ
സൗദി അറേബ്യയിലെ ഫത്വാ ബോർഡ്

നാഥാ ഇവർക്ക് നീ പ്രതിഫലം നൽകേണമേ!

## ഇസ്ലാം ആശ്ലേഷിക്കുന്നവർ കുളിക്കൽ

ചോദ്യം:
പുതുതായി ഇസ്‌ലാം സ്വീകരിക്കുന്നവർ കുളിക്കേണ്ടതുണ്ടോ? അയാൾ നമസ്കരിക്കണമെങ്കിൽ കുളിച്ചിരിക്കേണ്ടതാണോ? അതല്ല, വുളൂ ചെയ്തു നമസ്കരിക്കൽ അനുവദനീയമാണോ?

ഉത്തരം:
ഖൈസ് ഇബ്നു ആസ്വിം ﷺ ൽ നിന്നു നിവേദനം: "അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി ﷺ അദ്ദേഹത്തോട് വെള്ളവും താളിയും ഉപയോഗിച്ചു കുളിക്കുവാൻ കൽപ്പിച്ചു." (അഹ്മദ്, അബൂദാവൂദ്, തിർമുദി, നസാഈ).

ഥുമാമ ﷺ ഇസ്‌ലാം ആശ്ലേഷിക്കുവാൻ തീരുമാനിച്ചപ്പോൾ കുളിക്കുകയും ശേഷം ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. (ബുഖാരി).

ഈ രണ്ടു റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നത് ഇസ്‌ലാം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നവർ കുളിക്കാറുണ്ടായിരുന്നു എന്നാണ്. കാരണം, സത്യനിഷേധികൾ മലിനമാണെന്ന് അല്ലാഹുവിന്റെ വചനം സൂചിപ്പിക്കുന്നു. മാത്രവുമല്ല, പലപ്പോഴും അവരിൽ വലിയ അശുദ്ധി തന്നെ ഉണ്ടാകാമല്ലോ. സത്യനിഷേധി ആയിരിക്കെ കുളിച്ചാൽ തന്നെയും മാലിന്യം (അശുദ്ധി) നീങ്ങുകയുമില്ല. അതുകൊണ്ടു തന്നെ ഇമാം അഹ്മദ് ﷺയുടെ അഭിപ്രായത്തിൽ കുളി നിർബ്ബന്ധമാണ്. കുളിക്കുന്നതിന്നു മുമ്പ് അയാളിൽ നിന്നും നമസ്കാരം പോലുള്ള ആരാധനകൾ ഒന്നും തന്നെ സ്വീകാര്യമാവുകയുമില്ല.

-ശൈഖ് അബ്ദുല്ലാ ഇബ്നു ജബ്‌രീൻ

## ഇസ്ലാം സ്വീകരിച്ചാൽ വസ്ത്രം, പാത്രം എന്നിവ കഴുകൽ

ചോദ്യം:
ഇസ്ലാം സ്വീകരിക്കുന്നവർ മുമ്പു ഉപയോഗിച്ചിരുന്ന പാത്രം, വസ്ത്രം, മറ്റു വസ്തുക്കൾ എന്നിവ കഴുകേണ്ടതുണ്ടോ?

ഉത്തരം:
അവ ശുദ്ധിയുള്ളതാണെങ്കിൽ കഴുകൽ നിർബ്ബന്ധമില്ല. സാധാരണയായി വസ്ത്രം, പാത്രങ്ങൾ എന്നിവ അയാൾ വൃത്തിയായി സൂക്ഷിക്കാറുണ്ടല്ലോ. കേവലം മാലിന്യങ്ങൾ നീക്കുവാനും വൃത്തിക്ക് വേണ്ടിയും കഴുകുമ്പോൾ നിയ്യത്ത് (കരുതൽ) ആവശ്യവുമില്ല. എന്നാൽ കള്ള്, ശവം പോലുള്ള മാലിന്യങ്ങൾ ഉണ്ടായിരുന്നെങ്കിൽ കഴുകൽ നിർബന്ധമാണ്.

–ശൈഖ് അബ്ദുല്ലാ ഇബ്നു ജബ്രീൻ

## നൈസർഗ്ഗികമായ കാര്യങ്ങൾ

ചോദ്യം:
പുതുതായി ഇസ്ലാം സ്വീകരിക്കുന്ന വ്യക്തി നഖം മുറിക്കുക, മീശ വെട്ടുക, ഗുഹ്യരോമം വടിക്കുക, കക്ഷം വൃത്തിയാക്കുക എന്നിവ ചെയ്യൽ നിബന്ധമാണോ?

ഉത്തരം:
ഇത്തരം പ്രകൃതിപരമായ കാര്യങ്ങൾ അനുഷ്ഠിക്കൽ ഓരോ മുസ്ലിമിന്റെയും ബാധ്യതയാണ്. എന്നാൽ പുതുതായി ഇസ്ലാം സ്വീകരിക്കുന്ന വ്യക്തിയിൽ മീശയും ഗുഹ്യരോമങ്ങളും വലുതായിട്ടുണ്ടെങ്കിൽ അത് നീക്കുവാൻ അവനെ ഉപദേശിക്കണം. മറ്റു മുസ്ലിംകളെ പോലെ നഖം മുറിക്കാനും അവനെ ഉണർത്തേണ്ടതാണ്. എന്നാൽ ഇവയൊക്കെ ചെറുതാണ് എങ്കിൽ നീക്കൽ നിർബ്ബന്ധമില്ല.

–ശൈഖ് അബ്ദുല്ല ഇബ്നു ജബ്രീൻ

## ചേലാകർമ്മം കഴിക്കൽ

**ചോദ്യം:**
**പുതുതായി ഇസ്‌ലാം സ്വീകരികുന്നവർ ചേലാകർമ്മം കഴിക്കുന്നതിനെ കുറിച്ചുള്ള ഇസ്‌ലാമിക വിധി എന്താണ്?**

**ഉത്തരം:**
പ്രകൃതിപരമായി ഒരാൾ ചെയ്യേണ്ട കാര്യത്തിൽ പെട്ടതാണിത്. ഈ ഖിതാൻ (ചേലാകർമ്മം) നിർവ്വഹിക്കുന്നതിലൂടെ മാത്രമേ ഒരു പുരുഷന് പൂർണ്ണമായ ശുദ്ധി നേടാനും സാധിക്കുകയുള്ളൂ. അത് കൊണ്ടുതന്നെ നബി ﷺ ചേലാകർമ്മംനിർവ്വഹിക്കുവാൻ കൽപ്പിക്കാറുണ്ടായിരുന്നു. ഇമാം അഹ്മദ് നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ''ഒരാൾ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി ﷺ അദ്ദേഹത്തോടു പറഞ്ഞു: നീ അവിശ്വാസി ആയിരിക്കെ ഉണ്ടായിരുന്ന മുടി നീക്കുകയും ഖിതാൻ (ചേലാകർമ്മം) നടത്തുകയും ചെയ്യുക.'' ഇതിൽ നിന്നും മനസ്സിലാകുന്നത് ചേലാകർമ്മം നിർവ്വഹിക്കൽ നിർബന്ധമാകുന്നു എന്നാണ്. എന്നാൽ പ്രസ്തുത കാര്യത്തെ ഭയപ്പെടുകയും അതിലൂടെ ഇസ്‌ലാമിൽ നിന്നു തന്നെ ഒരാൾ അകലാൻ ഇടയാവുകയും ചെയ്യുമെങ്കിൽ സ്വൽപം പിന്തിപ്പിക്കുന്നതിന്ന് വിരോധമില്ല. ഇസ്‌ലാമിൽ ഉറച്ചതിന്നു ശേഷം അതിന്റെ മതവീക്ഷണവും അനിവാര്യതയും അയാൾക്ക് ബോധ്യപ്പെടുത്തി കൊടുക്കേണ്ടതുമാണ്.

–ശൈഖ് അബ്ദുല്ലാ ഇബ്നു ജിബ്‌രീൻ

## പേരുമാറ്റൽ

**ചോദ്യം:**
**പുതുതായി ഇസ്‌ലാം സ്വീകരിക്കുന്നവർ അവരുടെ പേരുമാറ്റൽ നിർബന്ധമുണ്ടോ?**

**ഉത്തരം:**
അല്ലാഹു ഒരാൾക്ക് സന്മാർഗ്ഗം നേടാനും ഇസ്‌ലാമിൽ പ്രവേശിക്കുവാനും അവസരം നൽകിയിട്ടുണ്ടെങ്കിൽ അയാളുടെ പേരുമാറ്റൽ നിർബന്ധമാണെന്നു പറയാൻ പറ്റുന്ന രേഖകളൊന്നും തന്നെ കാണാൻ സാധ്യമല്ല. എന്നാൽ ചില കാര്യങ്ങൾ പ്രത്യേകം തന്നെ ശ്രദ്ധിക്കേണ്ടതാണ്. പേരുകൾ ഒരിക്കലും ഇസ്‌ലാമിലെ പൊതു നിർ ദേശങ്ങൾക്ക് എതിരാവുന്ന രൂപത്തിലുള്ളതാവാൻ പാടില്ല. അല്ലാഹു അല്ലാത്തവരുടെ അടിമ എന്നർത്ഥം വരുന്ന പേരുകൾ സ്വീകാര്യമല്ല. ഉദാഹരണത്തിന് ''അബ്ദുൽ മസീഹ്'' (മസീഹിന്റെ അടിമ) എന്നുള്ളത് ശരിയല്ല. അതു പോലെ നല്ല ആശയമില്ലാത്ത പേരും വിളിക്കാതിരിക്കുന്നതാണുത്തമം. 'ഹുസ്ൻ' (ദുഃഖിതൻ) എന്ന പേരിനെക്കാൾ നല്ലതാണല്ലോ 'സരള സ്വഭാവി' എന്ന ആശയമുള്ള 'സഹ്ല്' എന്ന പേര്. എന്നാൽ അല്ലാഹു അല്ലാത്തവയുടെ അടിമ എന്നർത്ഥമുള്ള പേരുകളാണ് ആദ്യമുള്ളതെങ്കിൽ ഇസ്‌ലാം സ്വീകരിച്ച ശേഷം അത് മാറ്റൽ നിർബന്ധമാണ്. അതു പോലെ ക്രിസ്ത്യാനികളിൽ പ്രചാരമുള്ള പേരു സ്വീകകരിച്ചാൽ ആ പേരു വിളിക്കുമ്പോൾ അയാൾ ക്രിസ്ത്യാനിയാണോ എന്നു തോന്നാവുന്നതാണല്ലോ. അതിനാൽ തെറ്റുദ്ധാരണ ഒഴിവാക്കാനായി പേരു മാറ്റുന്നത് ഏറ്റവും നല്ലതാണ്.

–ശൈഖ് ഇബ്നു ബാസ്

## നമസ്കാര സമയത്ത് മുസ്ലിമായാൽ

**ചോദ്യം:**
ഒരു നമസ്കാരത്തിന്റെ സമയം ആരംഭിച്ചതിന്നു ശേഷം ഒരാൾ മുസ്ലിമാവുകയാണെങ്കിൽ അതിനു മുമ്പുള്ള നമസ്കാരം നിർവ്വഹിക്കേണ്ടതുണ്ടോ?

**ഉത്തരം:**
രണ്ടു നമസ്കാരങ്ങൾ തമ്മിൽ ഒരുമിച്ച് (ജംഅ്) ആക്കി നമസ്കരിക്കുന്നതിനുള്ള പ്രത്യേക കാരണം ഉള്ള സന്ദർഭങ്ങളിലാണ് മുസ്ലിമാവുന്നതെങ്കിൽ രണ്ടു നമസ്കാരം നിർവ്വഹിക്കാവുന്നതാണ്. ഉദാഹരണത്തിന്, സൂര്യാസ്തമയത്തിന്റെ മുമ്പ് ഒരാൾ മുസ്ലിമാവുന്നു എങ്കിൽ അയാൾ കഴിഞ്ഞു പോയ ളുഹ്റും അസറും ഒരുമിച്ചു നമസ്കരിക്കുക. രാത്രിയുടെ അവസാന സമയത്ത് മുസ്ലിം ആകുന്നവർ മഗ്രിബും ഇശായും ഒരുമിച്ച് നമസ്കരിക്കേണ്ടതാണ്.

–ശൈഖ് അബ്ദുല്ലാ ഇബ്നു ജബ്രീൻ

## റമളാനിലെ പകലിൽ മുസ്ലിമായാൽ

**ചോദ്യം:**
ഒരാൾ റമളാൻ മാസത്തിലെ പകലിൽ മുസ്ലിമാവുകയാണെങ്കിൽ ആ ദിവസം ബാക്കിയുള്ള സമയത്ത് ഭക്ഷണ പാനീയങ്ങൾ കഴിക്കാതെ വിട്ടുനിൽക്കേണ്ടതുണ്ടോ? പ്രസ്തുത ദിവസത്തെ നോമ്പ് പിന്നീട് നോറ്റു വീട്ടേണ്ടതുണ്ടോ? ആ റമളാനിലെ തന്നെ കഴിഞ്ഞു പോയ നോമ്പ് അയാൾ നോറ്റു വീട്ടേണ്ടതുണ്ടോ?

**ഉത്തരം:**
ഒരാൾ ഇസ്ലാം സ്വീകരിക്കുന്നതോടു കൂടി അയാൾക്ക് നോമ്പും നിർബന്ധമായി തുടങ്ങുന്നു. അതിനാൽ തന്നെ നോമ്പു

കാലത്ത് പകലിൽ ഒരാൾ മുസ്ലിം ആവുകയാണെങ്കിൽ അതു മുതൽ ബാക്കിയുള്ള സമയം അയാൾ ഭക്ഷണപാനീയങ്ങളിൽ നിന്നും അകന്നു നിൽക്കേണ്ടതാണ്. പ്രസ്തുത ദിവസത്തിലെ നോമ്പോ ആ മാസത്തിൽ കഴിഞ്ഞുപോയ മറ്റു നോമ്പുകളോ അയാൾ നോറ്റു വീട്ടേണ്ടതില്ല.

–ശൈഖ് മുഹമ്മദ് ഇബ്നു ഉഥൈമീൻ

## പന്നി മാംസം കൊണ്ട് മലിനമായ വസ്ത്രമെടുത്തു നമസ്കരിക്കൽ

ചോദ്യം:
പന്നി മാംസം കൊണ്ട് മലിനമായ വസ്ത്രം എടുത്ത് നമസ്കരിക്കൽ അനുവദനീയമാണോ? ഈ മാംസം ഉപയോഗിച്ച പാത്രം, മുറിക്കാൻ ഉപയോഗിക്കുന്ന കത്തി എന്നിവ കഴുകി ശുദ്ധിവരുത്തുന്നതിനു മുമ്പ് ഉപയോഗിക്കാൻ പാടുണ്ടോ?

ഉത്തരം:
പന്നി മാംസം അശുദ്ധവും മലിനവുമാണെന്ന് വിശുദ്ധ ഖുർആനിൽ സ്ഥിരപ്പെട്ട വസ്തുതയാണ്. അതിനാൽ തന്നെ അതു കൊണ്ട് മലിനമായ വസ്ത്രം എടുത്ത് നമസ്കരിക്കൽ അനുവദനീയമല്ല. അല്ലാഹു പറയുന്നു: "(നബിയെ) പറയുക, എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല. അത് ശവമോ ഒഴുക്കപ്പെട്ട രക്തമോ പന്നി മാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേഛമത്രെ." (അൻആം:145).

ഈ കാരണത്താൽ തന്നെ പന്നി മാംസം കൊണ്ട് മലിനമായ വസ്ത്രം കഴുകി ശുദ്ധിയാക്കുന്നതിനു മുമ്പ് ധരിച്ചു നമസ്കരിച്ചാൽ അത് ഒരിക്കലും ശരിയാവുകയില്ല. ഇതേ പോലെ

തന്നെയാണ് കത്തിയും പാത്രങ്ങളും കഴുകി ശുദ്ധി വരുത്തു ന്നതിനു മുമ്പ് ഉപയോഗിക്കുന്നതിന്റെയും വിധി.

–ശൈഖ് മുഹമ്മദ് ബിൻ ഉഥൈമീൻ

## പുതുവിശ്വാസിയുടെ ഭാര്യ (ഇണ)

ചോദ്യം:
പുതുതായി ഇസ്ലാം സ്വികരിച്ചവർ തങ്ങളുടെ നിലവിലുള്ള ഭാര്യ ഇസ്ലാം സ്വീകരിക്കുന്നില്ലെങ്കിൽ അവളെ ഒഴിവാക്കേ ണ്ടതുണ്ടോ? അവളിൽ അയാൾക്കുണ്ടായ സന്താനങ്ങളെ മുസ്ലിംകളായി പരിഗണിക്കുമോ? അവരുടെ പേര് മുസ്ലിം പേരുകളാക്കി മാറ്റേണ്ടതുണ്ടോ?

ഉത്തരം:
ഭാര്യ അഹ്ലുൽ കിതാബി (വേദം നൽകപ്പെട്ടവരി) ൽ നിന്നു ള്ളവളായിരുന്നുവെങ്കിൽ ഖുർആനിന്റെ നിർദ്ദേശമനുസരിച്ച് വേർപിരിക്കേണ്ടതില്ല. ''നിങ്ങൾക്കു മുമ്പ് വേദം നൽകപ്പെട്ട വരിൽ നിന്നുള്ള പതിവ്രതകളായ സ്ത്രീകളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.'' (മാഇദ:5). പക്ഷെ, അവൾ തന്റെ യും തന്റെ ഭർത്താവിന്റെയും പാതിവൃത്യം (പവിത്രത) കാത്തു സൂക്ഷിക്കുന്നവളായിരിക്കണം. ഇവരല്ലാത്ത ബുദ്ധ മതക്കാരി യോ, ഹൈന്ദവ സ്ത്രീയോ, റാഫിളിയ്യഃ പോലുള്ള മറ്റു മതക്കാ രികളോ ആണെങ്കിൽ അവളെ വെച്ചു കൊണ്ടിരിക്കാൻ ഒരു മുസ്ലിമിന്നു പാടില്ല. എന്നാൽ അവൾ ഇദ്ദ കാലഘട്ടത്തിനിട യിൽ തന്നെ ഇസ്ലാം സ്വീകരിക്കുന്നുവെങ്കിൽ ആദ്യവിവാഹ ബന്ധം (നികാഹ്) തന്നെ മതിയാകുന്നതാണ്.

മാതാവോ പിതാവോ ഇസ്ലാം സ്വീകരിക്കുന്ന സമയത്ത് തങ്ങ ൾക്ക് പ്രായപൂർത്തി എത്താത്ത സന്താനങ്ങൾ ഉണ്ടെങ്കിൽ ഏ റ്റവും നല്ലത് അവരെ തങ്ങളുടെ കൂടെ കൊണ്ടു വരിക എന്ന

താണ്. ഉദാഹരണത്തിന് അമ്മ വിശ്വസിക്കുകയും അച്ഛൻ തിരസ്കരിക്കുകയും ചെയ്യുന്നു എങ്കിൽ കുട്ടികളെ മാതാവ് കൂടെ കൊണ്ടു വരുന്നതാണുത്തമം. മറിച്ചാണെങ്കിൽ കുട്ടികളെ പിതാവ് കൂടെ കൊണ്ടു പോകുന്നതാണു നല്ലത്. എന്നാൽ പ്രായപൂർത്തി എത്തിയ സന്താനങ്ങളാണെങ്കിൽ അവർക്ക് അവരുടെ ഇഷ്ടമനുസരിച്ച് അച്ഛനെയോ അമ്മയെയോ അനുധാവനം ചെയ്യാൻ സ്വാതന്ത്ര്യം നൽകേണ്ടതാണ്. പേരു മാറ്റുന്നതു സംബന്ധിച്ച് മുമ്പു നൽകിയ വിശദീകരണം ഓർക്കുക. (പേജ് 39)

**-ശൈഖ് അബ്ദുല്ലാ ഇബ്നു ജിബ്രീൻ**

## ഖുർആൻ പരിഭാഷയും അമുസ്ലിംകളും

**ചോദ്യം:**
**അമുസ്ലിംകൾ ഖുർആൻ പരിഭാഷ തൊടുന്നതിന്റെ ഇസ്ലാമിക വിധി എന്താണ്?**

**ഉത്തരം:**
ഖുർആൻ പരിഭാഷ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ഖുർആൻ സൂക്തങ്ങളുടെ അർത്ഥമാണല്ലോ. ഒരു അമുസ്ലിം ഖുർആനിക സൂക്തങ്ങളുടെ അർത്ഥം മനസ്സിലാക്കുവാനും അതിലൂടെ ഇസ്ലാം സ്വീകരിക്കുവാനുമുള്ള പ്രചോദനം അയാൾക്കുണ്ടാകുവാനും കാരണമാകുമെങ്കിൽ ഖുർആനിന്റെ പരിഭാഷ സ്പർശിക്കുന്നതിന്ന് വിരോധമില്ല. ആ പരിഭാഷകളിൽ ഖുർആൻ സൂക്തങ്ങളുടെ അറബി മൂലത്തോടു കൂടിയുള്ള പതിപ്പുകൾ തന്നെ ആണെങ്കിലും മുകളിൽ പറഞ്ഞ ഉദ്ദേശത്തോടെ അത് സ്പർശിക്കാവുന്നതാണ്.

ഇതു പോലെതന്നെ അറബി ഭാഷയിൽ രചിക്കപ്പെട്ട ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളും സ്പർശിക്കാവുന്നതാണ്. എന്നാൽ

ഖുർആൻ സൂക്തങ്ങൾ മാത്രമുള്ള മുസ്ഹഫുകൾ സ്പർശിക്കാൻ പാടില്ല.

–ശൈഖ് അബ്ദുല്ലാ ഇബ്നു ജബ്രീൻ

## പഴയ വേദഗ്രന്ഥങ്ങൾ പാരായണം ചെയ്യൽ

ചോദ്യം:
പഴയ വേദഗ്രന്ഥം പാരായണം ചെയ്യുന്നത് അനുവദനീയമാണോ?

ഉത്തരം:
ധാരാളം മാറ്റത്തിരുത്തലുകളും വെട്ടിച്ചുരുക്കലുകൾക്കും അവ വിധേയമായിട്ടുണ്ടെന്ന് ഖുർആനിൽ സ്ഥിരീകരിച്ചിട്ടുണ്ട്. അതിനാൽ തന്നെ ആ ഗ്രന്ഥങ്ങളിൽ നടത്തിയ മാറ്റത്തിരുത്തലുകളെ കുറിച്ച് ആളുകൾക്ക് പഠിപ്പിക്കുവാനും വിശദീകരിച്ചു കൊടുക്കുവാനും കഴിവുള്ളവരും പ്രാപ്തരായവരുമായവർക്ക് ഒഴികെ മറ്റു സാധാരണ മുസ്ലിംകൾ ആ വേദഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നത് ശരിയല്ല.

–ഫത്വാ ബോർഡ്, കെ.എസ്.എ.

## അവിശ്വാസി മലിനമാണ്

ചോദ്യം:
അഗ്നിയാരാധകർ, ഗോആരാധകർ പോലുള്ള അവിശ്വാസികളെല്ലാം മലിനമാണോ? എങ്കിൽ നമുക്ക് അവരെ ഹസ്തദാനം ചെയ്യാമോ? അവരോടു നാം എങ്ങനെയാണു പെരുമാറേണ്ടത്? അവർ സ്പർശിച്ച വസ്തുക്കളും മലിനമാകുമോ?

ഉത്തരം:

അല്ലാഹു പറയുന്നു: ''ബഹുദൈവ വിശ്വാസികൾ അശുദ്ധർ തന്നെയാകുന്നു.'' (തൗബ:28). കപട വിശ്വാസികളെ കുറിച്ച് അല്ലാഹു പറയുന്നു: ''അതുകൊണ്ട് നിങ്ങൾ അവരെ ഒഴിവാക്കി വിട്ടേക്കുക. തീർച്ചയായും അവർ വൃത്തികെട്ടവരാകുന്നു.'' (തൗബ:95). ഈ സൂക്തങ്ങളിൽ മാലിന്യം എന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ, ഇവിടെ ഇതു കൊണ്ട് ഉദ്ദേശിക്കുന്നത് ആത്മീയമായ മാലിന്യം എന്നതാണ്. അവരെ കൊണ്ടുള്ള തിന്മയും ഉപദ്രവങ്ങളും, അവരുടെ കുഴപ്പവും ഇതിലുൾപ്പെടുന്നു. എന്നാൽ അവരുടെ ശരീരം വൃത്തിയുണ്ടെങ്കിൽ ഭൗതികമായി അത് മലിനമാണെന്ന് പറയാവതല്ല. ഈ വീക്ഷണത്തിലൂടെ അവരുടെ വസ്ത്രം വൃത്തിയുള്ളതാണെങ്കിൽ മുസ്ലിംകൾക്കും ധരിക്കുന്നതിന്ന് വിരോധമില്ല. പക്ഷെ, മൂത്രം പോലുള്ള വിസർജ്യങ്ങളോ പന്നി, കള്ള് പോലുള്ളവയോ കൊണ്ട് അവ മലിനമാവാതിരിക്കണം. അവർക്ക് ഹസ്തദാനം ചെയ്യലും അവരുടെ വസ്തുക്കൾ ഉപയോഗിക്കലും യാതൊരു കുഴപ്പവുമില്ല. വൃത്തിയുണ്ട് എന്ന് ബോധ്യപ്പെട്ടാൽ നബിയും സഹാബികളും അവിശ്വാസികൾ നെയ്തുണ്ടാക്കിയവയും അവർ നിർമ്മിച്ചതുമായ വസ്തുക്കൾ ഉപയോഗിച്ചിരുന്നു.

–ശൈഖ് അബ്ദുല്ലാ ഇബ്നു ജിബ്രീൻ

## ക്രിസ്ത്യാനികൾ അറുത്തത് ഭക്ഷിക്കൽ

ചോദ്യം:

ഈ കാലഘട്ടങ്ങളിൽ ക്രിസ്ത്യാനികൾ അറുത്തവ മുസ്ലിംകൾക്കു ഭക്ഷിക്കുന്നതിനു വിരോധമുണ്ടോ? പ്രത്യേകിച്ച് അവർ അറുക്കുവാനായി പലതരത്തിലുള്ള ഉപകരണങ്ങളും മറ്റു രാസ പദാർത്ഥങ്ങളും ഉപയോഗിക്കുന്ന ഈ കാലത്ത്?

**ഉത്തരം:**

**ഇസ്‌ലാമിക നിയമശാസനകൾക്ക് വിരുദ്ധമല്ലാത്ത രൂപത്തിലാണ് അവർ അറുത്തതെന്ന് ബോധ്യമുണ്ടെങ്കിൽ അവർ അറുത്തത് മുസ്‌ലിംകൾക്ക് ഭക്ഷിക്കാവുന്നതാണ്. കാരണം അല്ലാഹു പറയുന്നു: ''വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാണ്. നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്.'' (മാഇദ:5).**

## പ്രത്യേക സ്ഥലത്ത് മറവു ചെയ്യൽ

**ചോദ്യം:**

**മുസ്‌ലിമായ ഭർത്താവിനാൽ ഏഴുമാസം ഗർഭിണിയായ ക്രിസ്ത്യാനിയായ ഭാര്യ മരണപ്പെട്ടാൽ അവരെ മുസ്‌ലിംകളുടെ ശ്മശാനത്തിലാണോ അതല്ല, ക്രൈസ്തവരുടെ ശ്മശാനത്തിലാണോ മറവു ചെയ്യേണ്ടത്?**

**ഉത്തരം:**

**നിശ്ചയമായും ആ ജഡത്തിൽ മുസ്‌ലിമും കാഫിറും ഒരുമിച്ചു ചേർന്നിട്ടുള്ളതാണല്ലോ. അതിനാൽ തന്നെ ആ ജഡം മുസ്‌ലിംകളുടെ ഖബർസ്ഥാനിലോ ക്രിസ്ത്യാനികളുടെ ശ്മശാനത്തിലോ മറവു ചെയ്യാതെ, ഒരു പ്രത്യേക സ്ഥലത്തു മറവു ചെയ്യുന്നതാണു നല്ലത്. കാരണം അവിശ്വാസികളുടെ കൂട്ടത്തിൽ മുസ്‌ലിംകളെ മറവു ചെയ്യാൻ പാടില്ല. മറിച്ചും അങ്ങനെ തന്നെയാണ്. അവളെ പ്രത്യേകമായ മറ്റൊരു സ്ഥലത്ത് മറവു ചെയ്യുമ്പോഴും ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഗർഭത്തിലുള്ള കുട്ടിയുടെ പിതാവ് മുസ്‌ലിമാണെന്ന കാരണത്താൽ പണ്ഡിതന്മാരുടെ ഏകോപിച്ച അഭിപ്രായമനുസരിച്ച് മാതാവ് അവിശ്വാസിയായ, വേദഗ്രന്ഥത്തിന്റെ ആളുകളിൽ പെട്ടവളാണെങ്കിലും കുട്ടിയെ മുസ്‌ലിമായിട്ടാണ് പരിഗണിക്കുക. അതിനാൽ കുട്ടിയുടെ മുഖം ഖിബ്‌ലയിലേക്ക് അഭിമുഖമായി വരുന്ന രൂപത്തിൽ ജഡം മറവു ചെയ്യണം. അപ്പോൾ സ്ത്രീയുടെ**

പുറഭാഗം ഖിബ്‌ലയിലേക്കു തിരിച്ചു വെച്ചാണ് അടക്കം ചെയ്യേണ്ടത്.

–ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ

## അവിശ്വാസികളോടുള്ള സമീപനം

ചോദ്യം:
ഒരു മുസ്‌ലിം അവിശ്വാസികളുമായി എങ്ങനെയാണ് പെരുമാറേണ്ടത്? അവരോടുള്ള സമീപന മര്യാദകൾ ഏവ? ആഘോഷ വേളകളിൽ നാം എന്തു സമീപനം സ്വീകരിക്കണം?

ഉത്തരം:
ഒരു മുസ്‌ലിമിന് അമുസ്‌ലിംകളുമായി ഇടപെടുമ്പോൾ ധാരാളം ബാധ്യതകളുണ്ട്. അവയിൽ ചിലത് താഴെ വിവരിക്കാം.

ഒന്ന്: സത്യമതമായ ഇസ്‌ലാമിലേക്ക് അയാളെ ക്ഷണിക്കുക, ഏകനായ അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് അവരെ വിളിക്കുക. ശരിയായ മാർഗ്ഗത്തിലേക്ക് കൊണ്ടു വരാനുള്ള തന്റെ കഴിവനുസരിച്ചുള്ള പരിശ്രമമാണ് അമുസ്‌ലിമിന് നാം ചെയ്യുന്ന ഏറ്റവും വലിയ ഉപകാരം. അതിലൂടെ പ്രബോധനം നിർവ്വഹിക്കുന്നവർക്കും മഹത്തായ പ്രതിഫലം നേടാൻ സാധിക്കുന്നു. നബി ﷺ യുടെ വചനം ശ്രദ്ധിക്കുക: ''ആർക്കെങ്കിലും ഒരാൾ ഒരു നന്മ കാണിച്ചു കൊടുത്താൽ ആ നന്മ ചെയ്യുന്നവരുടെ ഒരംശം പ്രതിഫലം കൂടി അതിന് ഹേതുവായ വ്യക്തിക്കും ലഭിക്കുന്നതാണ്.'' (മുസ്‌ലിം). അലി ؓ വിനെ പ്രബോധനത്തിനു നിയോഗിച്ചപ്പോൾ നബി ﷺ പറഞ്ഞത്: ''അല്ലാഹു തന്നെയാണു സത്യം, ഒരാളെങ്കിലും നിന്റെ കാരണത്താൽ സന്മാർഗ്ഗം പ്രാപിക്കുന്നുവെങ്കിൽ ഒരു ചുവന്ന ഒട്ടകം ലഭിക്കുന്നതിനെക്കാൾ നിനക്കത് ഗുണകരമാണ്.'' (ബുഖാരി).

ഇതേ ആശയമുള്ള ധാരാളം നബി വചനങ്ങൾ കാണാവുന്നതാണ്. അതിനാൽ ഒരു മുസ്‌ലിമിന് നേടാനുള്ള ഏറ്റവും വലിയ പുണ്യവും മറ്റുള്ളവരോടുള്ള ഗുണകാംക്ഷയും ഇസ്‌ലാമിക പ്രബോധനം നിർവ്വഹിച്ചും ദൈവമാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നതാണ്.

രണ്ട്: അവിശ്വാസികൾ മുസ്‌ലിംകളുടെ കീഴിൽ കഴിയുന്നവരോ, അവരുമായി കരാറിൽ ഒപ്പിട്ടവരോ, നിർഭയത്വം തേടി വന്നവരോ ആരായിരുന്നാലും ശരി അവരുടെ അവകാശങ്ങൾ നൽകുക. അവരെ അപമാനിക്കുക, സമ്പത്തിലോ ദേഹത്തിലോ അധർമ്മം ചെയ്യുക എന്നിവ പാടില്ല. ചതിയിലൂടെയോ കളവിലൂടെയോ അവരുടെ സമ്പത്ത് അപഹരിക്കരുത്. അവരെ അന്യായമായി മർദ്ദിക്കുകയോ വധിക്കുകയോ അരുത്.

മൂന്ന്: അമുസ്‌ലിംകളുമായി കച്ചവടം നടത്തുക, മറ്റു ക്രയവിക്രയങ്ങൾ നടത്തുക എന്നിവ ചെയ്യുന്നതിന് വിരോധമില്ല. നബി ﷺ മരണപ്പെടുന്ന സന്ദർഭത്തിൽ പോലും അദ്ദേഹത്തിന്റെ പടയങ്കി ഒരു യഹൂദിയുടെ അടുക്കൽ പണയം വെച്ചിരിക്കുകയായിരുന്നു. യഹൂദികളുമായും ബിംബാരാധകരായിരുന്ന അവിശ്വാസികളുമായും വാങ്ങുകയും കൊടുക്കുകയും ചെയ്യാറുണ്ടായിരുന്നു എന്നത് സ്ഥിരപ്പെട്ടിട്ടുമുണ്ട്.

നാല്: അമുസ്‌ലിംകൾക്ക് സലാം പറയാൻ പാടില്ല. എന്നാൽ അവർ ഇങ്ങോട്ടു പറയുന്നുവെങ്കിൽ മടക്കുന്നതിനു വിരോധമില്ല. മുസ്‌ലിം റിപ്പോർട്ടു ചെയ്ത ഒരു ഹദീസിൽ ഇങ്ങനെയുണ്ട്: "നിങ്ങൾ ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും അങ്ങോട്ടു സലാം പറയാൻ പാടില്ല." ബുഖാരിയിലുള്ള മറ്റൊരു ഹദീസിൽ "നിങ്ങളോട് വേദഗ്രന്ഥത്തിന്റെ ആളുകൾ സലാം പറഞ്ഞാൽ 'നിങ്ങൾക്കും ഉണ്ടാവട്ടെ' എന്ന് നിങ്ങൾ മറുപടി പറയുക" എന്നാണുള്ളത്.

അമുസ്‌ലിമായ അയൽവാസിയാണെങ്കിൽ ഏറ്റവും നല്ല നില യിൽ അവനോടു വർത്തിക്കുകയും ഉപദ്രവിക്കാതിരിക്കുക യും ചെയ്യുക. ദരിദ്രനാണവനെങ്കിൽ ധർമ്മം നൽകണം, അവ ൻ ധനികനാണെങ്കിൽ അവന് ഗിഫ്റ്റു നൽകണം. അവനോട് എപ്പോഴും ഗുണകാംക്ഷയുള്ളവനായിരിക്കണം. ഈ മഹത്താ യ പെരുമാറ്റത്തിലൂടെ അയാൾക്ക് ഇസ്‌ലാമിനോട് ആഭിമുഖ്യം തോന്നിയേക്കാം. മാത്രമല്ല, അയൽവാസികളോട് ധാരാളം കട മകൾ ഉള്ളതായി നബി ﷺ യും വിശുദ്ധഖുർആനും ഉണർത്തു ന്നുണ്ട്. ഒരു നബി വചനം ശ്രദ്ധിക്കുക: ''അയൽവാസിയുടെ കാര്യത്തിൽ ജിബ്‌രീൽ ؑ എനിക്ക് ഉപദേശം നൽകിക്കൊ ണ്ടിരുന്നു. അപ്പോൾ അയൽവാസികൾക്ക് സ്വത്തിൽ വരെ അനന്തരാവകാശം ഉണ്ടായേക്കാമോ എന്നു പോലും എനിക്കു തോന്നി.'' (ബുഖാരി, മുസ്‌ലിം).

ഖുർആനിലെ ഒരു വചനത്തിന്റെ പൊതുവായ ആശയവും ഈ കാര്യങ്ങൾ തന്നെ പഠിപ്പിക്കുന്നു. ''മതകാര്യത്തിൽ നിങ്ങ ളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്നും നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവർക്ക് നന്മ ചെയ്യുന്നതും നിങ്ങൾ അവരോട് നീതികാണിക്കുന്നതും അല്ലാഹു നിങ്ങളോ ട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കു ന്നവരെ ഇഷ്ടപ്പെടുന്നു.'' (മുംതഹിന:8).

ബുഖാരി റിപ്പോർട്ടു ചെയ്യുന്ന മറ്റൊരു സംഭവം കാണുക. മക്ക യിലുണ്ടായിരുന്ന ബഹുദൈവ വിശ്വാസികളും നബി ﷺയും തമ്മിൽ ഉടമ്പടിയുണ്ടായിരിക്കെ ബഹുദൈവ വിശ്വാസിനിയാ യ മാതാവ് അസ്മാ ؓ യോട് സാമ്പത്തിക സഹായം ആവശ്യ പ്പെട്ടു. ഉടൻ തന്നെ അബൂബക്കർ ؓ വിന്റെ മകൾ അസ്മ നബി ﷺയുടെ അടുക്കൽ എത്തുകയും ബഹുദൈവ വിശ്വാസി നിയായ തന്റെ മാതാവിന് സഹായം ചെയ്യേണ്ടതുണ്ടോ എന്ന്

ചോദിക്കുകയും ചെയ്തു. അപ്പോൾ നബി ﷺ പറഞ്ഞു: "നീ നിന്റെ മാതാവിനോട് ബന്ധം ചാർത്തുക." (ബുഖാരി).

അഞ്ച്: അമുസ്ലിംകളുടെ മതചടങ്ങുകളിലും ആഘോഷങ്ങളിലും ഒരു മുസ്ലിം പങ്കെടുക്കാൻ പാടില്ല. എന്നാൽ, അവർ മരണപ്പെട്ടാൽ ബന്ധുക്കളെ ആശ്വസിപ്പിക്കുന്നതിനു വിരോധമില്ല. അവിശ്വാസികൾ മരണപ്പെട്ടാൽ അവർക്കു വേണ്ടി പാപമോചനത്തിനു പ്രാർത്ഥിക്കുകയോ അല്ലാഹുവിന്റെ അനുഗ്രഹം വർഷിക്കട്ടെ എന്നു പ്രാർത്ഥിക്കുകയോ ചെയ്യാൻ പാടില്ല. മരണപ്പെട്ടവരുടെ ആശ്രിതർക്ക് സന്മാർഗ്ഗം ലഭിക്കുവാനും മരണപ്പെട്ട വ്യക്തിയെക്കാൾ ഗുണകരമായത് പകരം നൽകുവാനും വേണ്ടി പ്രാർത്ഥിക്കാവുന്നതാണ്.

–ശൈഖ് ഇബ്നു ബാസ്(റ)

## അമുസ്ലിമായ രോഗിയെ സന്ദർശിക്കൽ

ചോദ്യം:
മുസ്ലിംകളുടെ അടുക്കൽ താമസിക്കുന്ന ക്രിസ്ത്യാനി രോഗിയായാൽ അവരെ സന്ദർശിക്കാൻ പാടുണ്ടോ? മരിച്ചാൽ അവരുടെ ജനാസയെ അനുധാവനം ചെയ്യുന്നതിന്റെ വിധിയെന്ത്?

ഉത്തരം:
അമുസ്ലിംകൾ രോഗിയായാൽ അവരെ സന്ദർശിക്കുന്നതിന് വിരോധമില്ല. എന്നാൽ അവർ മരണപ്പെട്ടാൽ ജനാസയെ അനുധാവനം ചെയ്യുവാനോ അവർക്കു വേണ്ടി നമസ്കരിക്കുവാനോ പാടില്ല. കാരണം അവിശ്വാസി ആയിരിക്കെ മരണപ്പെടുന്നവർ നരകത്തിലായിരിക്കും.

–ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(റ)

## അമുസ്ലിം നൽകുന്ന ഗിഫ്റ്റുകൾ

**ചോദ്യം:**

**അവിശ്വാസിയായ അയൽവാസി നൽകുന്ന സമ്മാനം മുസ്ലിം കൾക്കു സ്വീകരിക്കാമോ? മുഖം മറക്കാതെ അവിശ്വാസിനിക ളായ സ്ത്രീകളുമായി മുസ്ലിം സ്ത്രീകൾക്ക് പെരുമാറാമോ? അവരുമായി കച്ചവട വാണിജ്യ ബന്ധങ്ങൾ നടത്താമോ?**

**ഉത്തരം:**

നിങ്ങളോടു നല്ലനിലയിൽ വർത്തിക്കുന്ന അമുസ്ലിംകളോട് നിങ്ങളും നല്ല രൂപത്തിൽ പെരുമാറുക. അനുവദനീയമായ വ സ്തുക്കൾ നിങ്ങൾക്കവർ സമ്മാനമായി നൽകുന്നുവെങ്കിൽ സ്വീകരിക്കുക. പ്രവാചകൻ ﷺ ക്രിസ്ത്യാനിയായ റോമാ ചക്ര വർത്തിയിൽ നിന്നും യഹൂദികളിൽ നിന്നും സമ്മാനങ്ങൾ സ്വീ കരിച്ചതായി സ്ഥിരപ്പെട്ടിട്ടുണ്ട്. വിശുദ്ധ ഖുർആനിലെ ഒരു വച നത്തിന്റെ പൊതുതാൽപര്യത്തിൽ നിന്നും ഈ വസ്തുത നമു ക്ക് മനസ്സിലാകുന്നതുമാണ്. അല്ലാഹു പറയുന്നു:

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നി ങ്ങളുടെ വീടുകളിൽ നിന്നും നിങ്ങളെ പുറത്താക്കാതിരിക്കു കയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോടു നീതി കാണിക്കുന്നതും അ ല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. മതകാര്യത്തിൽ നിങ്ങ ളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്നും നി ങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പര സ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചു മാത്ര മാണ് -അവരോട് മൈത്രി കാണിക്കുന്നത്- അല്ലാഹു വിരോ ധിക്കുന്നത്. വല്ലവരും അവരോട് മൈത്രീബന്ധം പുലർത്തുന്ന പക്ഷം അവർ തന്നെയാകുന്നു അക്രമികൾ." (മുംതഹിന:8,9).

മുസ്‌ലിം സ്ത്രീകൾക്ക് അമുസ്‌ലിം സ്ത്രീകളിൽ നിന്നും തങ്ങ ൾക്കാവശ്യമുള്ള അനുവദിക്കപ്പെട്ട വസ്തുക്കൾ വാങ്ങുന്നതി നോ വിൽക്കുന്നതിനോ വിരോധമില്ല. പണ്ഡിതന്മാരുടെ ഏറ്റ വും പ്രബലമായ അഭിപ്രായമനുസരിച്ച് അവർക്ക് മുസ്‌ലിംക ളായ സ്ത്രീകളുടെ അടുക്കൽ വരുവാൻ അനുവദിക്കപ്പെട്ട രൂ പത്തിൽ -അലങ്കാരമണിഞ്ഞും വെളിവാക്കാൻ പറ്റുന്ന ഭാഗ ങ്ങൾ വെളിവാക്കിയും- അമുസ്‌ലിം സ്ത്രീകളുടെ അടുക്ക ലും വരുന്നതിന് വിരോധമില്ല.

-ഫത്‌വാ ബോർഡ്, കെ.എസ്.എ.

## മതപരിത്യാഗിയായാൽ

**ചോദ്യം:**
ഇസ്‌ലാം ആശ്ലേഷിക്കുന്ന വ്യക്തിക്ക് ഒരാൾ ഇസ്‌ലാമിനെ പരി ചയപ്പെടുത്തി കൊടുക്കുന്ന സന്ദർഭത്തിൽ മതഭ്രഷ്ഠനായാൽ ഉണ്ടായേക്കാവുന്ന വിധി എന്താണ് എന്നു കൂടി വിശദീകരിച്ചു കൊടുക്കേണ്ടതുണ്ടോ?

**ഉത്തരം:**
ഇസ്‌ലാം സ്വീകരിച്ച ശേഷം മത ഭ്രഷ്ഠനായാൽ അയാൾക്കു ള്ള ശിക്ഷ വധമാണെന്ന് ഹദീസിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. "തന്റെ മതത്തിൽ മാറ്റമുണ്ടാക്കിയവനെ വധിക്കുക." (ബുഖാരി). അ തിനാൽ ഈ വസ്തുത ഇസ്‌ലാം സ്വീകരിക്കുന്നവരോട് വിശ ദീകരിക്കൽ നിർബന്ധമാണ്. എന്നാൽ ഈ കാര്യം പറയുന്ന തിന്റെ മുമ്പായി അയാൾക്ക് ഇസ്‌ലാമിന്റെ മഹത്വം ബോധ്യപ്പെ ടുത്തുക, ഇസ്‌ലാം സ്വീകരിച്ചാൽ ഉണ്ടായേക്കാവുന്ന ആത്യ ന്തിക നേട്ടത്തെ കുറിച്ച് മനസ്സിലാക്കി കൊടുക്കുക, അങ്ങനെ സ്വയം ഇസ്‌ലാമിനോട് മമതയും സ്നേഹവും തോന്നി സംതൃ പ്തിയോടെ ഇസ്‌ലാം സ്വീകരിക്കാൻ അയാൾക്ക് അവസരം ഒരുക്കുക, സത്യ നിഷേധത്തിൽ നിന്നും അല്ലാഹു രക്ഷപ്പെടു

ത്തിയ ശേഷം വീണ്ടും അതിലേക്ക് തന്നെ തിരിക്കുന്നത് ഗുരുതരമായ കുറ്റമാണെന്ന് ബോധ്യപ്പെടുത്തുക എന്നിവ നിർബന്ധമാണ്.

- ശൈഖ് അബ്ദുല്ലാ ഇബ്നു ജിബ്രീൻ

## ഇസ്ലാം സ്വീകരിച്ച സ്ത്രീകൾ ഇസ്ലാമിക വസ്ത്രം ധരിക്കൽ

**ചോദ്യം:**

ഇസ്ലാമിനെ പരിചയപ്പെടുത്തുവാനായി ഒരു പ്രബോധകന് പൂർണ്ണമായ വസ്ത്രം ധരിക്കാത്ത അമുസ്ലിം സ്ത്രീകളോട് സംസാരിക്കാൻ പാടുണ്ടോ? ഇസ്ലാം സ്വീകരിച്ചാൽ പർദ്ദ അണിയൽ അവർക്ക് നിർബന്ധമല്ലേ? മതകാര്യങ്ങൾ പഠിപ്പിക്കുവാനായി അവരുമായി ഒഴിഞ്ഞിരിക്കാവതാണോ?

**ഉത്തരം:**

ഇസ്ലാമിനെ പരിചയപ്പെടുത്തി സംസാരിക്കാൻ തുടങ്ങുമ്പോൾ തന്നെ ഇസ്ലാം മറക്കാൻ പറഞ്ഞ ഭാഗങ്ങൾ നിർബന്ധമായും മറക്കുവാനായി പ്രബോധകന്മാർ നിർദ്ദേശിക്കേണ്ടതാണ്. എന്നാൽ അവർ അത് സ്വീകരിക്കുന്നില്ലെങ്കിൽ സംസാരിക്കുന്നതിന് വിരോധമില്ല. ഇസ്ലാം സ്വീകരിച്ചു കഴിഞ്ഞാൽ അപ്പോൾ മുതൽ തന്നെ ഇസ്ലാമിക വസ്ത്രധാരണം നിർബന്ധവുമാണ്. നിർബന്ധിതാവസ്ഥകളുണ്ടെങ്കിൽ അല്ലാതെ ഇസ്ലാമിനെ പരിചയപ്പെടുത്താനായിരുന്നാലും സ്ത്രീകളുമായി ഒഴിഞ്ഞിരിക്കാൻ അനുവാദമില്ല. അങ്ങനെയാണെങ്കിൽ തന്നെയും ഭദ്രമായ മുറികളിലോ, വിവാഹബന്ധം പാടില്ലാത്ത ബന്ധുക്കളുടെ അസാന്നിധ്യമോ ഉണ്ടെങ്കിൽ പാടില്ല തന്നെ.

-ശൈഖ് അബ്ദുല്ലാ ഇബ്നു ജബ്രീൻ

## അമുസ്ലിംകൾ പള്ളിയിൽ പ്രവേശിക്കൽ

ചോദ്യം:
ഇസ്ലാമിലേക്കു ക്ഷണിക്കുകയും ഇസ്ലാമിനെ പരിചയപ്പെടുത്തുകയും ചെയ്യുന്ന പ്രഭാഷണങ്ങൾ ശ്രവിക്കുന്നതിനു വേണ്ടി അമുസ്ലിംകൾക്ക് പള്ളിയിൽ പ്രവേശിക്കാൻ അനുവാദമുണ്ടോ?

ഉത്തരം:
മുസ്ലിംകളുടെ പ്രത്യക്ഷ ശത്രുവായി അറിയപ്പെടുകയും ധിക്കാരത്തോടെ കഴിയുകയും ചെയ്യുന്നവരാണെങ്കിൽ പള്ളിയിൽ പ്രവേശിപ്പിക്കാതിരിക്കലാണ് നല്ലത്. എന്നാൽ ഇസ്ലാമിക അധ്യാപനങ്ങളും പാഠങ്ങളും മനസ്സിലാക്കുവാനും ഇസ്ലാമിന്റെ മഹത്വം അറിഞ്ഞ് ഇസ്ലാം സ്വീകരിക്കുവാനും താല്പര്യമുള്ള അമുസ്ലിംകൾക്കും പള്ളിയിൽ പ്രവേശിക്കുന്നതിന് വിലക്കു പാടില്ല തന്നെ.

-ശൈഖ് അബ്ദുല്ലാ ഇബ്നു ജിബ്രീൻ

## അമുസ്ലിംകളുമായി സഹവസിക്കൽ

ചോദ്യം:
ഭൂരിപക്ഷം ക്രിസ്ത്യാനികളായ സഹോദരന്മാർ താമസിക്കുന്ന ഒരു വീട്ടിൽ അവരുടെ കൂടെ ഞാനും താമസിക്കുകയും ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നതിന്നു വിരോധമുണ്ടോ?

ഉത്തരം:
ചോദ്യത്തിനു ഉത്തരം പറയുന്നതിനു മുമ്പായി താങ്കളുടെ ചില തെറ്റായ പ്രയോഗങ്ങൾ ശ്രദ്ധയിൽപെടുത്തട്ടെ. ചോദ്യത്തിൽ താങ്കൾ ബോധപൂർവ്വമല്ലാതെ ആയിരിക്കാം "ഞാൻ ക്രിസ്ത്യാനികളായ സഹോദരന്മാരുടെ കൂടെ ജീവിക്കുന്നു" എന്നാണ്

പ്രയോഗിച്ചരിക്കുന്നത്. ഇത് ഒട്ടും ശരിയല്ല. സാഹോദര്യബന്ധം സത്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അല്ലാഹു പറയുന്നു: ''നിശ്ചയം സത്യവിശ്വാസികളാണ് സഹോദരന്മാർ.'' (ഹുജറാത്ത്:10). ഇതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത മത വിഭാഗക്കാർ ഒരേ തറവാട്ടുകാരായിരുന്നാൽ തന്നെയും സഹോദരന്മാർ ആവുകയില്ല എന്നാണ്. അതിനാൽ തന്നെ ക്രിസ്ത്യാനികൾക്കും മുസ്ലിംകൾക്കും ഇടയിൽ ഒരിക്കലും സാഹോദര്യബന്ധം ഇല്ല തന്നെ. നൂഹ് നബി ﷺ യോടായി അല്ലാഹു പറയുന്നു: ''എന്റെ രക്ഷിതാവേ, എന്റെ മകൻ എന്റ കുടുംബാംഗങ്ങളിൽ പെട്ടവൻ തന്നെയാണല്ലോ. നിന്റെ വാഗ്ദാനം സത്യാണു താനും. നീ വിധികർത്താക്കളിൽ വെച്ചു ഏറ്റവും നല്ല വിധികർത്താവാകുന്നു. അവൻ (അല്ലാഹു) പറഞ്ഞു: നൂഹേ, തീർച്ചയായും അവൻ നിന്റെ കുടുംബത്തിൽപ്പെട്ടവനല്ല. തീർച്ചയായും അവൻ ശരിയല്ലാത്തത് ചെയ്യുന്നവനാണ്.'' (ഹൂദ്:45,46).

അതിനാൽ തന്നെ ഒരു മുസ്ലിമിന്റെയും ഒരു സത്യനിഷേധിയുടെയും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിക്കുവാൻ ഒരിക്കലും പാടില്ല. മാത്രമല്ല, അവരെ രക്ഷാധികാരിയും ആത്മസുഹൃത്തുമായും സ്വീകരിക്കാവതല്ല. അല്ലാഹു പറയുന്നു: ''ഹേ, സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചു കൊണ്ട് നിങ്ങളവരെ മിത്രങ്ങൾ ആക്കി വെക്കരുത്. നിങ്ങൾക്കു വന്നു കിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കുകയാണ്.'' (മുംതഹിന:1).

സത്യനിഷേധികൾ അല്ലാഹുവിന്റെ ശത്രുക്കളാകുന്നു. അല്ലാഹു പറയുന്നു: ''ആർക്കെങ്കിലും അല്ലാഹുവോടും അവന്റെ മലക്കു കളോടും അവന്റെ ദൂതന്മാരോടും ജിബ്രീലിനോടും മീകഈലിനോടുമെല്ലാം ശത്രുതയാണെങ്കിൽ ആ നിഷേധികളുടെ ശത്രു തന്നെയാകുന്നു അല്ലാഹു.'' (ബഖറ:98).

"സത്യവിശ്വാസികളെ, യഹൂദരെയും ക്രൈസ്തവരെയും നിങ്ങൾ ഉറ്റ മിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ അന്യോന്യം ഉറ്റ മിത്രങ്ങളാണു താനും. നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റ മിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽപെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിൽ ആക്കുകയില്ല തീർച്ച." (മാഇദ:51).

**ക്രിസ്ത്യാനിയോ യഹൂദിയോ മജൂസിയോ നിരീശ്വരവാദിയോ ആയ സത്യനിഷേധിയെ തന്റെ സഹോദരൻ എന്ന് വിശേഷിപ്പിക്കുവാൻ ഒരു മുസ്ലിമിനു പാടില്ല.**

താങ്കളുടെ ചോദ്യത്തിൽ പരാമർശിച്ച വിഷയം ഇപ്രകാരം മനസ്സിലാക്കാവുന്നതാണ്. അമുസ്ലിംകളുമായുള്ള കൂട്ടുകെട്ടിലൂടെ തന്റെ മതപരമായ കെട്ടുറപ്പിനെ ബാധിക്കുകയും മതപരമായ പ്രതിബദ്ധത നഷ്ടപ്പെടുത്തുകയും അവരോടുള്ള സ്നേഹവും സൗഹാർദ്ദവും കൂടാൻ ഇടവരികയും ചെയ്യുന്നുണ്ടെങ്കിൽ ഒരു മുസ്ലിമിന് ഒരിക്കലും പാടില്ലാത്തതാണ്. അല്ലാഹു പറയുന്നത് കാണുക: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ പുത്രന്മാരോ സഹോദരന്മാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും. അത്തരക്കാരുടെ ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസം രേഖപ്പെടുത്തുകയും അവന്റെ പക്കൽ നിന്നുള്ള ഒരാത്മചൈതന്യം കൊണ്ട് അവൻ അവർക്ക് പിൻബലം നൽകുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗ്ഗത്തോപ്പുകളിൽ അവരെ അവൻ പ്രവേശിപ്പിക്കുകയും ചെയ്യും. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അത്തരക്കാരാകുന്നു അല്ലാഹുവിന്റെ കക്ഷി. അറിയുക, തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ." (മുജാദല:22).

**–ശൈഖ് മുഹമ്മദു ബ്നു ഉഥൈമീൻ**

## യഹൂദികളും ക്രിസ്ത്യാനികളും സത്യനിഷേധികൾ തന്നെ

**ചോദ്യം:**

**യൂറോപ്യൻ രാജ്യങ്ങളിൽ ഇസ്‌ലാമിക വിജ്ഞാനത്തിൽ അവഗാഹം നേടാത്ത ചില പ്രബോധകന്മാർ പള്ളികളിൽ വെച്ചു പ്രസംഗിക്കുമ്പോൾ ക്രിസ്ത്യാനികളെയും യഹൂദികളെയും അവിശ്വാസികളായി കാണാൻ പാടില്ലെന്നു പറയുകയുണ്ടായി. ഇത്തരം അൽപജ്ഞാനികളുടെ പ്രചാരത്തെ നാം എങ്ങനെയാണു കാണേണ്ടത്? വ്യക്തമായ മറുപടി പ്രതീക്ഷിക്കുന്നു.**

**ഉത്തരം:**

ഈ വാദം തീർച്ചയായും സത്യനിഷേധവും (കുഫ്ർ) വഴികെട്ടതുമാണെന്നതിൽ സംശയമില്ല. യഹൂദികളും ക്രിസ്ത്യാനികളും സത്യനിഷേധികളാണെന്ന് വിശുദ്ധഖുർആനിലും അല്ലാഹു ഖണ്ഡിതമായി പറയുന്നുണ്ട്. ഒരു വചനം കാണുക: ''ഉസൈർ ദൈവപുത്രനാണെന്ന് യഹൂദർ പറഞ്ഞു. മസീഹ് ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അതവരുടെ വായ കൊണ്ടുള്ള വാക്കു മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയാകുന്നു. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. എങ്ങനെയാണവർ തെറ്റിക്കപ്പെടുന്നത്.'' (തൗബ:30).

''അവരുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിനു പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ ഒരു ദൈവവുമില്ല. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധൻ!'' (തൗബ:31).

ഈ വചനങ്ങളിൽ നിന്നും യഹൂദരും ക്രിസ്ത്യാനികളും ബഹുദൈവ വിശ്വാസികളാണെന്നു സ്പഷ്ടമാണ്. മറ്റൊരു സൂക്ത

ത്തിൽ അവർ അവിശ്വാസികൾ തന്നെയാണെന്ന് സ്പഷ്ടമായി പറയുന്നുണ്ട്:

"മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്നു പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു." (മാഇദ:17).

"അല്ലാഹു മൂവരിൽ ഒരാളാണെന്നു പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു." (മാഇദ:73).

"ഇസ്രാഈൽ സന്തതികളിലെ സത്യനിഷേധികൾ ദാവൂദിന്റെയും മർയമിന്റെ മകൻ ഈസയുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു." (മാഇദ:78).

"തീർച്ചയായും വേദക്കാരിലും ബഹുദൈവ വിശ്വാസികളിലും പെട്ട സത്യനിഷേധികൾ നരകാഗ്നിയിലാകുന്നു." (ബയ്യിന:6).

ഇതേ ആശയങ്ങളുള്ള ധാരാളം ഖുർആൻ സൂക്തങ്ങളും നബി വചനങ്ങളും ഉണ്ടായിരിക്കെ മുഹമ്മദ് നബിയിൽ വിശ്വസിക്കാതിരിക്കുകയും അദ്ദേഹത്തെ കളവാക്കുകയും ചെയ്യുന്ന യഹൂദരെയും ക്രിസ്ത്യാനികളെയും അവിശ്വാസികളല്ല എന്നു പറയുന്നവർ യഥാർത്ഥത്തിൽ അല്ലാഹുവിന്റെ വചനങ്ങളെയാണ് കളവാക്കുന്നത്. അത് സത്യനിഷേധവുമാണ്. അവരെ കുറിച്ച് അവർ സത്യനിഷേധികളാണോ എന്നു സംശയിക്കുന്നതു പോലും സത്യനിഷേധമായിത്തീരുന്നതാണ്.

ത്രിയേകത്വത്തിൽ വിശ്വസിക്കുന്നവരെ കുറിച്ച് കാഫിറുകളാണവർ എന്ന് അവരുടെ സ്രഷ്ടാവു തന്നെ വിശേഷിപ്പിച്ചിട്ടുണ്ട്. എന്നിട്ടും അവർ സത്യ നിഷേധികളാണോ എന്ന് സംശയം പ്രകടിപ്പിക്കാൻ ഒരു മുസ്‌ലിമിനു സാധിക്കുമോ?

'മസീഹ് അല്ലാഹുവിന്റെ പുത്രനാകുന്നു' എന്നും 'ഞങ്ങൾ ധന്യരും അല്ലാഹു ദരിദ്രനുമാകുന്നു' എന്നും 'അല്ലാഹുവിന്റെ കൈ ബന്ധിതമാകുന്നു' എന്നും വിശ്വസിക്കുന്ന ഒരു ജനവിഭാ

ഗത്തെ കുറിച്ച് അവർ സത്യനിഷേധികളല്ല എന്ന് ഒരാൾക്കെ ങ്ങനെ പറയാൻ സാധിക്കും?

ആക്ഷേപകരവും ഹീനതയുമായ പദപ്രയോഗം നടത്തി അല്ലാഹുവിനെ വിശേഷിപ്പിക്കുന്ന യഹൂദരെയും ക്രിസ്ത്യാനികളെയും കുറിച്ച് കാഫിറുകളാണവർ എന്ന് പറയാതിരിക്കാൻ ഒരു മുസ്ലിമിനു കഴിയുമോ?

നിശ്ചയം അയാൾ പശ്ചാത്തപിച്ചു മടങ്ങേണ്ടതാണ്. വിശുദ്ധ ഖുർആനിലെ ഒരു വചനം അയാൾ കൂടുതൽ ശ്രദ്ധയൂന്നി മനസ്സിലാക്കിയിരുന്നെങ്കിൽ... അല്ലാഹു പറയുന്നു: "നീ വഴങ്ങിക്കൊടുത്തിരുന്നെങ്കിൽ അവർക്കും വഴങ്ങിത്തരാമായിരുന്നു എന്ന് അവർ ആഗ്രഹിക്കുന്നു." (ഖലം:9).
അവർ സത്യനിഷേധികളാണോ എന്നു സംശയിക്കുന്നതിനേക്കാൾ ഒരു മുസ്ലിം പ്രബോധകൻ യഹൂദരും ക്രൈസ്തവരും സത്യനിഷേധികൾ തന്നെയാണെന്നും അവർ നരകാവകാശികളാണെന്നും വിവരിച്ചു കൊടുക്കണം. നബി ﷺ യുടെ ഒരു വചനം ശ്രദ്ധിക്കുക: "അല്ലാഹുവാണു സത്യം, യഹൂദികൾക്കോ ക്രിസ്ത്യാനികൾക്കോ എന്റെ സന്ദേശം വന്നെത്തുകയും എന്നിട്ട് അതു സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ നരകാവകാശിയായിത്തീരുക തന്നെ ചെയ്യും." (മുസ്ലിം).

മുകളിൽ പരാമർശിക്കപ്പെട്ട വ്യക്തി അല്ലാഹുവിലേക്കു പശ്ചാത്തപിച്ചു മടങ്ങേണ്ടതാണ്. മാത്രമല്ല, യഹൂദരും ക്രിസ്ത്യാനികളും സത്യനിഷേധികളാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്യണം.

വേദഗ്രന്ഥത്തിന്റെ ആളുകളെ സംബന്ധിച്ചിടത്തോളം അവർ മുഹമ്മദ് ﷺ യെ കുറിച്ച് വ്യക്തമായി മനസ്സിലാക്കിയവരുമാണ്. സത്യത്തിൽ ആ പ്രവാചകനെ പിൻപറ്റൽ അവരുടെ ബാധ്യത

യായിരുന്നു. എന്നാൽ അവർ അദ്ദേഹത്തെ അവിശ്വസിക്കുക യാണു ചെയ്തത്. അല്ലാഹുവിന്റെ വചനം ശ്രദ്ധിക്കുക:
"തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടു ത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷര ജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് ന ബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തപ്പെ ടുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെ യ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വി ലങ്ങുകളും അദ്ദേഹം ഇറക്കി വെക്കുകയും ചെയ്യുന്നു. അപ്പോ ൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണ ക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരി പ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവർ ആരോ അവർ തന്നെയാണ് വിജയികൾ." (അഅ്റാഫ്:157).

തന്റെ ശേഷം വരാനുള്ള പ്രവാചകന്റെ ആഗമനത്തെ കുറിച്ച് സന്തോഷ വാർത്ത അറിയിച്ചു കൊണ്ട് മർയമിന്റെ പുത്രൻ ഈസ ﷺ ഇപ്രകാരം പറഞ്ഞിരുന്നു എന്ന് ഖുർആൻ സൂചി പ്പിക്കുന്നു:
"ഇസ്രാഈൽ സന്തതികളേ, എനിക്ക് മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായി കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു ദൂതനെ പറ്റി സന്തോഷ വാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവി ന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ." (സ്വഫ്:6)

എന്നാൽ 'അഹ്മദ്' എന്ന് ഈസാ ﷺ സന്തോഷവാർത്ത അറിയിച്ച പ്രവാചകൻ വ്യക്തമായ തെളിവുകളുമായി അവർ ക്ക് വന്നപ്പോൾ അവർ അദ്ദേഹത്തെ കളവാക്കി. ആ ക്രിസ്ത്യാ നികൾ പറഞ്ഞു: ഈസാ സുവിശേഷമറിയിച്ച പ്രവാചകന്റെ

പേര് അഹ്മദ് എന്നാണ്. എന്നാൽ ഈ വന്നിരിക്കുന്ന പ്രവാചകന്റെ പേര് മുഹമ്മദ് എന്നല്ലേ എന്നായിരുന്നു. നമുക്ക് ആ വിഭാഗത്തോട് പറയാനുള്ളത് ഈസാ ﷺ "തന്റെ ശേഷം വരുന്ന പ്രവാചകൻ" എന്നു കൂടി പറഞ്ഞിട്ടുണ്ടല്ലോ എന്നും അദ്ദേഹത്തിന്റെ കാല ശേഷം മുഹമ്മദ് അല്ലാത്ത മറ്റ് ഒരു പ്രവാചകനും വന്നിട്ടില്ല എന്നുമാണ്.

മാത്രമല്ല, പുകഴ്ത്തുക എന്നർത്ഥമുള്ള 'ഹംദ്' എന്ന പദത്തിന്റെ ഒരു വകഭേദമാണ് 'അഹ്മദ്' എന്ന പദവും. അപ്പോൾ അതിന്റെ അർത്ഥം ഏറ്റവും കൂടുതൽ പുകഴ്ത്തുന്നവൻ എന്നാണ്. 'മുഹമ്മദ്' എന്ന പദത്തിന്റെ ഉദ്ദേശ്യവും ഇതു തന്നെയാണ്. അതിനാൽ മുഹമ്മദ് എന്നു പേരുള്ള പ്രവാചകനെ കുറിച്ചുള്ള സുവിശേഷം തന്നെയാണ് ഈസാ ﷺ അറിയിച്ചിരുന്നത് എന്നത് വളരെ സ്പഷ്ടമാണ്. ആ പ്രവാചകനാവട്ടെ മനുഷ്യരുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ അല്ലാഹുവിനെ പുകഴ്ത്തുകയും പ്രകീർത്തിക്കുകയും ചെയ്തിരുന്നുവെന്ന സത്യം സുവിദിതമാണ്. ഹാമിദ്, മഹ്മൂദ്, അഹ്മദ് എന്നീ പദങ്ങളൊക്കെ ഒരു നിഷ്പത്തിയിൽ നിന്നുള്ള വ്യത്യസ്ത ഭാഷാ പ്രയോഗങ്ങൾ മാത്രമാണ്.

ഇസ്ലാമല്ലാത്ത മറ്റേതെങ്കിലും മതങ്ങൾ അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമാണെന്ന് ആരെങ്കിലും വിശ്വസിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ അവർ അവിശ്വാസികളാണെന്നതിൽ സംശയമില്ല. കാരണം ഖുർആൻ പറയുന്നതു കാണുക:
"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്ലാം ആകുന്നു." (ആലു ഇംറാൻ:19).
"ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്നും ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ:85).

''ഇന്നു ഞാൻ നിങ്ങൾക്കു നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.'' (മാഇദ:3).

ഇതു പോലുള്ള ഖണ്ഡിതമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ക്രിസ്ത്യാനികളും യഹൂദരും വഴിപിഴച്ചവരും സത്യനിഷേധികളുമാണ് എന്നു വ്യക്തമാണ്.

സത്യം ബോധ്യപ്പെട്ട ശേഷം വീണ്ടും അതിനെ എതിർത്ത യഹൂദരെ 'കോപത്തിനു വിധേയരായവർ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സത്യസന്ദേശത്തിൽ നിന്നും വഴിതെറ്റിപോയ ക്രിസ്ത്യാനികളെ കുറിച്ചു 'വഴി പിഴച്ചവർ' എന്നാണ് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത്. ഇന്ന് ആ രണ്ടു വിഭാഗങ്ങൾക്കും സത്യം ഏതാണെന്ന് വ്യക്തമായി മനസ്സിലായിട്ടുണ്ട്. പക്ഷെ, അവർ ആ സത്യത്തിൽ നിന്നും പിന്തിരിയുകയും അകന്നു പോവുകയും ചെയ്യുന്നു. അവരോട് പ്രവാചകൻ ﷺ യെ അനുധാവനം ചെയ്യാനും അല്ലാഹുവിലും പ്രവാചകന്മാരിലും വിശ്വസിക്കുവാനും ഞാൻ ആവശ്യപ്പെടുന്നു. കാരണം, ഈ സത്യത്തെ അംഗീകരിക്കുവാനാണല്ലോ അവരോട് അവരുടെ വേദഗ്രന്ഥങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്.

അല്ലാഹു പറയുന്നു: ''എന്റെ കാരുണ്യമാകട്ടെ സർവ്വ വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു. എന്നാൽ ധർമ്മനിഷ്ഠ പാലിക്കുകയും സകാത്ത് നൽകുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരായ ആളുകൾക്ക് (പ്രത്യേകമായി) ഞാൻ അത് രേഖപ്പെടുത്തുന്നതാണ്. (അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തപ്പെടുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപ്പിക്കുകയും

ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെമേൽ ഉണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കി വെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവർ ആരോ അവർ തന്നെയാണു വിജയികൾ. പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരാൾക്കാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവീൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവീൻ. നിങ്ങൾ നേർമാർഗ്ഗം പ്രാപിച്ചേക്കാം.'' (അഅ്റാഫ്:156,157).

വേദഗ്രന്ഥത്തിന്റെ ആളുകൾ അന്തിമ പ്രവാചകനായ മുഹമ്മദ് നബിയിൽ വിശ്വസിക്കുന്നുവെങ്കിൽ അവർക്ക് ഇരട്ടി പ്രതിഫലം ലഭിക്കുമെന്നും നബി ﷺ പറഞ്ഞിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: ''മൂന്നു വിഭാഗങ്ങൾക്ക് രണ്ടു പ്രതിഫലമുണ്ട്. വേദഗ്രന്ഥത്തിന്റെ ആളുകൾ തങ്ങളുടെ പ്രവാചകനിൽ വിശ്വസിക്കുകയും പിന്നീടു മുഹമ്മദ് നബിയിലും വിശ്വസിച്ചാൽ...'' (ബുഖാരി).

യഹൂദരും ക്രിസ്ത്യാനികളും സത്യനിഷേധികളാണോ എന്ന് സംശയിക്കുന്നവരോട് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ നൽകിയ മറുപടി കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. ''ചർച്ചുകൾ അല്ലാഹുവിന്റെ ഭവനങ്ങൾ ആണെന്നും അവിടെ വെച്ച് അല്ലാ

ഹുവിനെയാണ് അവർ ആരാധിക്കുന്നതെന്നും യഹൂദരും ക്രിസ്ത്യാനികളും അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നവരാണെന്നും വിശ്വസിക്കുക, അവരെ ചർച്ചുകൾ ഉണ്ടാക്കുന്നതിന് സഹായിക്കുകയോ അതിന്ന് സാഹചര്യം ഒരുക്കികൊടുക്കുകയോ ചെയ്യുന്നത് പുണ്യമാണെന്നു വിശ്വസിക്കുക എന്നിവ ചെയ്യുന്നതിലൂടെ ഒരാൾ സത്യനിഷേധിയായിത്തീരുന്നതാണ്. അവരുടെ ചർച്ചുകളിൽ പോയി സന്ദർശനം നടത്തുന്നത് പുണ്യമാണെന്നു വിശ്വസിക്കുന്നവരും മതഭ്രഷ്ഠനാവുന്നതാണ്.''

–ശൈഖ് മുഹമ്മദു ബ്നു ഉഥൈമീൻ

## സത്യനിഷേധികൾ മുസ്ലിംകളുടെ സഹോദരന്മാരോ?

**ചോദ്യം:**
ഒരു ക്രിസ്ത്യാനിയുടെ കൂടെ താമസിക്കുന്ന എന്നെ അയാൾ 'എന്റെ സഹോദരാ' എന്നും 'നാം സഹോദരന്മാരാണെന്നും' പറയുന്നു. ഞങ്ങൾ ഒരുമിച്ചു ഭക്ഷണപാനീയങ്ങൾ കഴിക്കുന്നു. ഇതിന്റെ ഇസ്ലാമിക വിധിയെന്താണ്?

**ഉത്തരം:**
സത്യനിഷേധിയായ ഒരാളും മുസ്ലിമിന്റെ സഹോദരനല്ല. അല്ലാഹു പറയുന്നു: '''സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു.' (ഹുജറാത്ത്:10). നബി ﷺ പറയുകയുണ്ടായി: ''ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാകുന്നു.'' (ബുഖാരി).

അതിനാൽ തന്നെ ക്രിസ്ത്യാനിയോ യഹൂദനോ മജൂസിയോ മറ്റേതെങ്കിലും വിഭാഗത്തിൽപ്പെട്ടവരോ ആയ സത്യനിഷേധികളാരും തന്നെ മുസ്ലിംകളുടെ സഹോദരൻ ആവുകയില്ല. അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കാനും പാടില്ല. എന്നാൽ പൊതുവായ വിവാഹ സദ്യകൾ പോലുള്ള സന്ദർഭങ്ങളിൽ

അവരോടൊത്ത് ഭക്ഷണം കഴിക്കുന്നതിന് വിരോധമില്ല. മുസ്ലിംകൾ സത്യനിഷേധികളെ ആത്മസുഹൃത്തായി സ്വീകരിക്കുന്നത് ഖുർആൻ വിലക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:
''നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂടെ ഉള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്ന് തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നതു വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു.'' (മുംതഹിന:4).
''അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. (എതിർപ്പുകാർ) അവരുടെ പിതാക്കളോ പുത്രന്മാരോ സഹോദരന്മാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും.'' (മുജാദല:22).

സത്യനിഷേധികളോടും ബഹുദൈവ വിശ്വാസികളോടും ആദർശപരമായ ശത്രുതയും വെറുപ്പും പുലർത്തണമെന്നാണ് ഇതിൽ നിന്നും മനസ്സിലാവുന്നത്. എന്നാൽ അവരെ ഉപദ്രവിക്കുകയോ അന്യായമായി അവരെ മർദ്ദിക്കുവാനോ പാടില്ല. വിവാഹം പോലുള്ള പൊതു സദസ്സുകളിൽ ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതിനും വിരോധമില്ല.

മുസ്ലിംകൾക്ക് അവിശ്വാസികളുമായി ഇസ്ലാമിക മര്യാദകൾ പാലിച്ചുകൊണ്ട് നല്ല നിലയിൽ വർത്തിക്കുന്നത് ഇസ്ലാം ഒരിക്കലും വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. വിശ്വാസ വഞ്ചന കാണിക്കുവാനോ അവരെ ചതിക്കുവാനോ കളവു പറയുവാനോ എന്തെങ്കിലും പ്രശ്നങ്ങളും ഭിന്നിപ്പുമുണ്ടാവുമ്പോൾ നല്ല നില

യിൽ അത് പരിഹരിക്കുന്നതിനോ ഇസ്ലാം തടസ്സമല്ല. അല്ലാഹു പറയുന്നു: ''വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്. അവരിൽ നിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ.''

അമുസ്ലിംകളോട് നല്ലനിലയിൽ സംസാരിക്കലും സഹനപൂർവ്വം അവരെ ഗുണദോഷിക്കലും നന്മയിലേക്ക് അവരെ ക്ഷണിക്കലും മുസ്ലിംകളുടെ ബാധ്യതയാണ്. അല്ലാഹു പറയുന്നതു കാണുക: ''യുക്തി ദീക്ഷയോടു കൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചു കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക.'' (നഹ്ൽ:125).
''ജനങ്ങളോട് നല്ല വാക്കു പറയണം.'' (ബഖറ:83).
ഒരു ഹദീസിൽ ഇപ്രകാരം കാണാം:''ആർക്കെങ്കിലും ഒരാൾ നന്മ കാണിച്ചു കൊടുക്കുന്നുവെങ്കിൽ ആ നന്മ ചെയ്യുന്നവരുടെ അത്ര പ്രതിഫലം അയാൾക്കുണ്ടായിരിക്കും.'' (മുസ്ലിം).

-ശൈഖ് ഇബ്നു ബാസ്(റ)

## അമുസ്ലിം സുഹൃത്തുക്കൾക്കു മദ്യം സൽക്കരിക്കൽ

ചോദ്യം:
അമുസ്ലിം സുഹൃത്തുക്കളെ ആദരിക്കുവാനായി മദ്യം പോലുള്ള നിഷിദ്ധമായ ഭക്ഷ്യപദാർത്ഥങ്ങൾ കൊണ്ട് അവരെ സൽക്കരിക്കുന്നതിന്റെ ഇസ്ലാമിക വിധി എന്ത്?

ഉത്തരം:
ഇസ്ലാം സൗമ്യതയുടെയും സരളതയുടെയും മതമാണ്. ഇസ്ലാം എളുപ്പമാണ് ഉദ്ദേശിക്കുന്നത്. നീതിയുടെ പക്ഷത്താണ് അത് നിലകൊള്ളുന്നത്. അന്യരെ ആദരിക്കാനും മര്യാദയോടു കൂടി സഹവർത്തിക്കുവാനും ഇസ്ലാം അതിന്റെ അനുയായി

കളോട് ആവശ്യപ്പെടുന്നു. എന്നാൽ ആദരിക്കപ്പെടുന്ന വ്യക്തിയുടെ മതവ്യത്യാസമനുസരിച്ചും ആദരിക്കുന്നതിന്റെ ഉദ്ദേശ്യത്തിനനുസരിച്ചും ആദരവു പ്രകടിപ്പിക്കുന്ന സ്വഭാവത്തിലും മാറ്റമുണ്ടായിരിക്കും. അവിശ്വാസിയായ ഒരാളെ ഇസ്ലാമിലേക്കു ക്ഷണിക്കാൻ ആവശ്യമായ സാഹചര്യം ഒരുക്കുക എന്ന മതപരമായ താൽപര്യമാണ് ഉള്ളതെങ്കിൽ ആദരിക്കുന്നതിന്ന് വിരോധമില്ല. മതപരമായ യാതൊരു ഉദ്ദേശ്യവും ഇല്ലാതിരിക്കുകയും അവിശ്വാസിയായ ഒരാളെ പ്രത്യേകം പരിഗണിക്കാതിരിക്കുന്നതിനാൽ പ്രത്യേകിച്ച് ഒരു ഉപദ്രവവും ഇല്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ അവരെ നാം വിളിച്ച് ആദരിക്കേണ്ടതില്ല.

എന്നാൽ ഏതു സന്ദർഭത്തിലായിരുന്നാലും അവരെ ആദരിക്കാനെന്ന പേരിൽ അല്ലാഹു നിഷിദ്ധമാക്കിയ മദ്യം, പന്നിമാംസം പോലുള്ള വസ്തുക്കൾ അവർക്ക് ഒരുക്കി കൊടുക്കാൻ മുസ്ലിംകൾക്ക് പാടില്ല. അത് അല്ലാഹുവിനെ ധിക്കരിക്കലും അവന്റെ കൽപനയെക്കാൾ അവിശ്വാസികളുടെ താൽപര്യങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കലുമാണ്. മുസ്ലിംകൾ ഏതു സന്ദർഭത്തിലും തന്റെ മതശാസനകൾ മുറുകെ പിടിക്കേണ്ടവരാണ്. അമുസ്ലിം നാടുകളിൽ ആയിരുന്നാൽ പോലും മതനിഷ്ഠയനുസരിച്ച് ജീവിതം നയിക്കുമ്പോൾ മറ്റുള്ളവർക്കുള്ള മാതൃകയായകാനും ഇസ്ലാമിക സന്ദേശം മറ്റുള്ളവർക്കെത്തിക്കുവാനും അവനു കൂടുതൽ സാധിക്കുന്നു.

-ഫത്വാ ബോർഡ്, കെ.എസ്.എ.

## അമുസ്ലിംകളുമായി കച്ചവടം ചെയ്യൽ

**ചോദ്യം:**
**അവിശ്വാസികളുമായി വ്യാവസായിക രംഗങ്ങളിൽ ബന്ധപ്പെടുകയും അവരുടെ ഉൽപന്നങ്ങൾ വാങ്ങുകയും ചെയ്യുന്നതിന്റെ ഇസ്ലാമിക വിധി എന്ത്?**

**ഉത്തരം:**
ആവശ്യമുള്ള വസ്തുക്കൾ മുസ്ലിംകൾക്ക് അവിശ്വാസികളിൽ നിന്ന് വാങ്ങുന്നതിനും അവ ഉപയോഗിക്കുന്നതിനും വിരോധമില്ല. വാഹനം, വസ്ത്രം, മറ്റു ഉപകരണങ്ങൾ എന്നീ ഉൽപ്പന്നങ്ങളുമെല്ലാം അമുസ്ലിംകളായ വ്യക്തികളിൽ നിന്നോ രാഷ്ട്രങ്ങളിൽ നിന്നോ പരസ്പരം ക്രയവിക്രയം നടത്തൽ ഇസ്ലാമിക ദൃഷ്ട്യാ അനുവദനീയമാണ്. എന്നാൽ, ഇത്തരം സന്ദർഭങ്ങളിൽ പാലിക്കേണ്ട നിയമങ്ങൾ പാലിച്ചിരിക്കണം എന്നു മാത്രം.

–ശൈഖ് ഇബ്നു ജബ്രീൻ

## ബലി മാംസം അവിശ്വാസികൾക്കു നൽകൽ

**ചോദ്യം:**
**അവിശ്വാസിയായ അയൽവാസിക്ക് ബലിമാംസം നൽകുന്നതിന് വിരോധമുണ്ടോ?**

**ഉത്തരം:**
ഇതു വിരോധിച്ചു കൊണ്ടുള്ള ഒരു കൽപനയും ഇല്ല എന്നതിനാലും അയൽവാസികളോട് നല്ല നിലയിൽ വർത്തിക്കുക എന്നത് ഇസ്ലാമിക മര്യാദയിൽപ്പെടുന്നതിനാലും ഒരാൾ ബലിമാംസം അയൽവാസിയായ അമുസ്ലിമിനും നൽകുന്നതിന്നു വിരോധമില്ല. അയൽവാസികളോട് മാനസികമായി ഇണക്കമുണ്ടാക്കുന്ന വിശാല സ്വഭാവവും പെരുമാറ്റവും മുസ്ലിംകളിൽ

നിന്നും ഉണ്ടായിരിക്കണം. അവർ അവിശ്വാസികൾ ആയിരുന്നാലും ശരി. വിശുദ്ധ ഖുർആനിലെ ഒരു വചനവും ഈ ആശയത്തെ ബലപ്പെടുത്തുന്നുണ്ട്.
''മതകാര്യത്തിൽ നിങ്ങളോടു യുദ്ധം ചെയ്യാതിരിക്കുയും നിങ്ങളുടെ വീടുകളിൽ നിന്നു നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് വിലക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.'' (മുംതഹിന:8).

ബലിയുടെ മാസം അവിശ്വാസികളോ തടവുകാരോ ഭക്ഷിക്കുന്നതിന്നും അവർക്കത് നൽകുന്നതിനും വിരോധമില്ല. യഥാർത്ഥത്തിൽ ബലി എന്ന കർമ്മം നിർവ്വഹിക്കലാണ് അല്ലാഹുവിന്റെ അടുക്കൽ മഹത്തായ ആരാധന. അതിനാൽ ആ ബലിയുടെ മാംസം ദാരിദ്ര്യമുള്ളവർക്കും അടുത്ത കുടുംബത്തിനും അയൽവാസികൾക്കും ഇസ്‌ലാമിനോട് മമതയും അടുപ്പവും ഉണ്ടാകാനായി അമുസ്‌ലിംകൾക്കും നൽകുന്നതിന്നു വിരോധമില്ല. എന്നാൽ ബലി നൽകുന്ന വ്യക്തികളും അതിൽ നിന്നു ഭക്ഷിക്കൽ സുന്നത്തുണ്ട്. ഇസ്‌ലാമുമായി പ്രത്യക്ഷത്തിൽ ശത്രുതയോടെ കഴിഞ്ഞുകൂടുന്ന അവിശ്വാസികൾക്ക് നൽകാൻ പാടില്ല.

–ഫത്‌വാ ബോർഡ്, കെ.എസ്.എ.

## സകാത്തും അമുസ്‌ലിംകളും

ചോദ്യം:
സകാത്തിന്റെ സമ്പത്ത് അമുസ്‌ലിംകൾക്ക് വിതരണം ചെയ്യുന്നതിന്റെ ഇസ്‌ലാമിക വിധിയെന്ത്?

ഉത്തരം:

സകാത്ത് സത്യനിഷേധികൾക്കു നൽകുവാൻ അനുവാദമില്ല; അതുപോലെ പോതു ദാനധർമ്മവും പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ അനുചിതമല്ല. അതുകൊണ്ട് സത്യ നിഷേധത്തെ സഹായിക്കലാകുമെങ്കിൽ അതു പാടില്ലാത്തതുമാണ്. ഖുർആൻ പറയുന്നു: ''പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്.'' (മാഇദ:2).

എന്നാൽ ധർമ്മം നൽകുന്നതിലൂടെ ഒരാൾ ഇസ്ലാമുമായി അടുക്കുവാനും അങ്ങനെ അയാൾ ഇസ്ലാം സ്വീകരിക്കുവാനും ഇടയാവുമെക്കാം എന്നു തോന്നുന്ന സന്ദർഭങ്ങളിൽ അത് കൊടുക്കുന്നതാണു നല്ലത്. അതു പോലെ ജീവകാരുണ്യ പ്രവർത്തനത്തിന് വളരെ പ്രാധാന്യം കൊടുക്കുന്ന മതമാണ് ഇസ്ലാം. അതിനാൽ ജീവൻ അപകടത്തിൽപെടാനിരിക്കുന്ന ഒരു വ്യക്തിയെ -അവൻ സത്യനിഷേധിയാണെങ്കിലും- ധർമ്മം നൽകി സഹായിക്കാവുന്നതാണ്.

-ശൈഖ് ഇബ്നു ജിബ്രീൻ

[ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നു പോകുകയോ ഞങ്ങൾക്ക് തെറ്റുപററുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ... ] (ബഖറ:286).

## ഈസാ ﷺ യുടെ മരണം

ചോദ്യം:

മർയമിന്റെ പുത്രനായ ഈസ ﷺ മരിച്ചിട്ടുണ്ടോ? അതല്ല അദ്ദേഹം ജീവിച്ചിരിപ്പുണ്ടോ? എങ്കിൽ ഇപ്പോൾ എവിടെയാണ്? ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ മറുപടി പ്രതീക്ഷിക്കുന്നു.

ഉത്തരം:

ഈസാ ﷺ മരിച്ചിട്ടില്ല. ഇപ്പോഴും ജീവിക്കുന്നു. യഹൂദർ അദ്ദേഹത്തെ വധിക്കുകയോ ക്രൂശിക്കുകയോ ചെയ്തിട്ടില്ല. മറിച്ച്, അവർ തന്നെ സംശയത്തിലകപ്പെട്ടിരിക്കയാണ്. യഥാർത്ഥത്തിൽ അല്ലാഹു അദ്ദേഹത്തെ ആത്മാവോടുകൂടി തന്നെ ആകാശത്തിലേക്ക് ഉയർത്തിയിരിക്കുകയാണ്. അദ്ദേഹം ഇപ്പോഴും ആകാശ ലോകത്തുണ്ട്. അല്ലാഹു പറയുന്നു: ''എന്നിട്ട് അവർ കരാർ ലംഘിച്ചതിനാലും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിനാലും അന്യായമായി പ്രവാചകന്മാരെ കൊലപ്പെടുത്തിയതിനാലും തങ്ങളുടെ മനസ്സുകൾ അടഞ്ഞുകിടക്കുകയാണ് എന്ന് അവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). തന്നെയുമല്ല, അവരുടെ സത്യനിഷേധം കാരണമായി അല്ലാഹു ആ മനസ്സുകളുടെ മേൽ മുദ്രകുത്തിയിരിക്കുകയാണ്. ആകയാൽ ചുരുക്കത്തിലല്ലാതെ അവർ വിശ്വസിക്കുകയില്ല. അവരുടെ സത്യനിഷേധം കാരണമായും മർയമിന്റെ പേരിൽ അവർ ഗുരുതരമായ അപവാദം പറഞ്ഞതിനാലും. അല്ലാഹുവിന്റെ ദൂതനായ മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ ആദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷെ, (യാഥാർത്ഥ്യം) അവർക്കു തിരിച്ചറിയാതെ ആവുകയാണുണ്ടായത്. അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെ പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.'' (നിസാഅ്:155-158).

ഈസാ ﷺയെ യഹൂദർ കൊലപ്പെടുത്തുകയോ ക്രൂശിക്കുകയോ ചെയ്തിട്ടില്ലെന്നും മറിച്ച് അദ്ദേഹത്തോടുള്ള കാരുണ്യമാ

യും ആദരവായും അല്ലാഹു ഈസാ ﷺ യെ അവന്റെ അടുക്കലേക്ക് ഉയർത്തുകയാണു ചെയ്തതെന്നും ഈ വചനങ്ങളിൽ അല്ലാഹു പറയുന്നു. ഈസാ ﷺ യുടെ ജന്മത്തിലെന്ന പോലെ തന്നെ അദ്ദേഹത്തിന്റെ അവസാനത്തിലും അല്ലാഹുവിന്റെ മഹത്തായൊരു ദൃഷ്ടാന്തം മാത്രമാണിതെന്നും ഇതിലൂടെ വെളിപ്പെടുത്തുന്നു.

ഈസാ ﷺ യെ തങ്ങൾ വധിക്കുകയും ക്രൂശിക്കുകയും ചെയ്തിട്ടുണ്ടെന്ന യഹൂദരുടെ വാദത്തെ ഈ ആയത്തിലൂടെ അല്ലാഹു ഖണ്ഡിക്കുകയാണ്. അപ്പോൾ കേവലം ആത്മാവ് മാത്രമാണ് അല്ലാഹു ഉയർത്തിയത് എന്നു പറയുന്നത് ശരിയല്ല. കാരണം അവരുടെ വാദമനുസരിച്ച് കുരിശിൽ ഏറ്റിയതും വധിച്ചതുമെല്ലാം ഭൗതിക ശരീരത്തെയാണല്ലോ. ഈ വാദവും നിരർത്ഥകമാണെന്നാണ് ഖുർആൻ സിദ്ധാന്തിക്കുന്നത്. അപ്പോൾ അദ്ദേഹത്തിന്റെ ശരീരവും ആത്മാവുമെല്ലാം ഒരുമിച്ചു തന്നെ അല്ലാഹു അവന്റെ അടുക്കലേക്കു ഉയർത്തുകയും, അദ്ദേഹത്തെ സംരക്ഷിക്കുകയും ചെയ്തു എന്നതാണ് സത്യവും. ശരീരവും ആത്മാവും കൂടിയതിനാണല്ലോ ഈസാ ﷺ എന്നു പറയുന്നത്. അപ്പോൾ ഈസാ ﷺയെ ഉയർത്തി എന്നു പറഞ്ഞാൽ തന്നെ ആത്മാവോടു കൂടിയുള്ള ഭൗതിക ശരീരത്തെയാണ് ഉയർത്തിയിരിക്കുന്നതെന്നു സ്പഷ്ടമാണ്. അവന്റെ യുക്തിക്കും പ്രതാപത്തിനും ഏറ്റവും മാറ്റു കൂട്ടുന്നതും ഇതാണല്ലോ.

–ഫത്വാ ബോർഡ്, കെ.എസ്.എ.

## അന്ത്യനാളിൽ ഈസാ ﷺ ഇറങ്ങിവരും

ചോദ്യം:

ഈസാ ﷺ അന്ത്യനാൾ അടുക്കുമ്പോൾ ഇറങ്ങിവരികയും മുഹമ്മദ് നബിയിൽ വിശ്വസിക്കുയും ജനങ്ങൾക്കിടയിൽ ഭര

ണം നടത്തുകയും ചെയ്യുമെന്നു പറയുന്നതിന്റെ സത്യാവസ്ഥ എന്ത്?

ഉത്തരം:

അന്ത്യദിനത്തോടനുബന്ധിച്ച് ഈസാ ﷺ ഇറങ്ങുമെന്നതും പിന്നീടു മുഹമ്മദ് നബി ﷺയുടെ (ശരീഅത്ത്) നിയമനിർദ്ദേശങ്ങൾ അനുസരിച്ച് ഭരണം നിർവ്വഹിക്കുമെന്നതും സത്യമാണ്. മാത്രമല്ല, കുരിശുകൾ തച്ചുടക്കും, പന്നികളെ കൊല്ലും, അവിശ്വാസികളുടെമേൽ കപ്പം ചുമത്തും. ഇസ്‌ലാം മാത്രമായിരിക്കും അദ്ദേഹം സ്വീകരിക്കുക. മുൻകാല വേദഗ്രന്ഥത്തിന്റെ ആളുകൾ എന്നവകാശപ്പെടുന്ന യഹൂദരും ക്രിസ്ത്യാനികളും മുഴുവനായി അദ്ദേഹത്തിൽ വിശ്വസിക്കും. ഇത്രയും കാര്യങ്ങൾ അന്ത്യനാളിനു മുമ്പായി സംഭവിക്കുക തന്നെ ചെയ്യും. അല്ലാഹു പറയുന്നു: "വേദക്കാരിൽ ആരും തന്നെ അദ്ദേഹത്തിന്റെ (ഈസയുടെ) മരണത്തിനു മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി ഉണ്ടാവുകയില്ല. ഉയർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ അദ്ദേഹം അവർക്കെതിരിൽ സാക്ഷിയാവുകയും ചെയ്യും." (നിസാഅ്:159).

ധാരാളം ഹദീസുകളിലും പരാമർശിക്കപ്പെട്ട പോലെ ഇസ്‌ലാമിലേക്കുള്ള പ്രബോധകനും നീതിമാനായ ഭരണാധിപനുമായി അന്ത്യനാൾ സമാഗതമാകുമ്പോൾ ഈസാ ﷺ വരുമെന്നും, അപ്പോൾ പൂർവ്വ വേദഗ്രന്ഥത്തിന്റെ ആളുകളായ യഹൂദരും ക്രിസ്ത്യാനികളും മുഴുവൻ അദ്ദേഹത്തിൽ വിശ്വസിക്കുമെന്നതും വളരെയധികം വ്യക്തമാണ്. ധാരാളം പരമ്പരകളിലൂടെ റിപ്പോർട്ടു ചെയ്യപ്പെട്ടതും കളവാക്കാൻ ഒരിക്കലും സാധ്യമല്ലാത്തതുമായ -മുതവാതിറായ- ധാരാളം ഹദീസുകളിലും ഈസാ ﷺ വരുമെന്നും നീതിനിഷ്ഠമായ ഭരണം നടത്തുമെന്നും മസീഹുദ്ദജ്ജാലിനെ വധിക്കുമെന്നും പറയുന്നുണ്ട്.

മഹാനായ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റ) ഈ വിഷയം പഠനവിധേയമാക്കുകയും ചർച്ച ചെയ്യുകയും ചെയ്ത ശേഷം ഈസാ ﷺ അന്ത്യനാളിൽ വീണ്ടും വരുമെന്നു പറയുന്ന ധാരാളം ഹദീസുകൾ ഉദ്ധരിക്കുന്നുണ്ട്. പിന്നീട് അദ്ദേഹം പറഞ്ഞു: ''പ്രവാചകൻ ﷺയിൽ നിന്ന് ഈ ഹദീസുകൾ ധാരാളം സഹാബികൾ റിപ്പോർട്ടു ചെയ്യുകയും മുതവാതിറായി വരികയും ചെയ്തിട്ടുണ്ട്. അബൂഹുറൈറ, ഇബ്നു മസ്ഊദ്, ഉഥ്മാനു ബ്നു അബിൽ ആസ്, അബൂ ഉമാമ, നവാസു ബ്നു സംആൻ, അബ്ദുല്ലാ ഇബ്നു അംറ് ബ്നുൽ ആസ്, ഹുദൈഫത്തു ബ്നു ഉസൈദ് ﷺ എന്നീ സ്വഹാബികൾ ഉദ്ധരിക്കുന്ന ഹദീസുകളിൽ ഈസാ ﷺ വരുന്ന സ്ഥലവും രൂപവും വരെ വിവരിക്കുന്നു...'' എന്നു പ്രസ്താവിച്ചിട്ടുണ്ട്.

അബൂഹുറൈറയിൽ നിന്നും നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി ﷺ പറഞ്ഞിരിക്കുന്നു: ''എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെയാണു സത്യം, നീതിമാനായ ഒരു ഭരണാധിപനായി മർയമിന്റെ പുത്രൻ നിങ്ങൾക്കിടയിൽ അവതരിപ്പിക്കപ്പെടാനായിരിക്കുന്നു. അദ്ദേഹം കുരിശുകൾ തകർക്കും, പന്നികളെ കൊല്ലും, അവിശ്വാസികൾക്ക് കപ്പം ചുമത്തും. നാട്ടിൽ ഒരാളും വാങ്ങാനില്ലാത്ത രൂപത്തിൽ സമ്പത്ത് കൊണ്ട് ഐശ്വര്യപ്പെടുത്തും.'' (ബുഖാരി, മുസ്‌ലിം).

പിന്നീട് അബൂഹുറൈറ ﷺ പറഞ്ഞു: സൂറത്തു നിസാഇലെ ''വേദക്കാരിൽ ആരും തന്നെ അദ്ദേഹത്തിന്റെ (ഈസയുടെ) മരണത്തിനു മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി ഉണ്ടാവുകയില്ല.'' (നിസാഅ്:159) എന്നർത്ഥമുള്ള വചനം ഓതുകയും ചെയ്തു.

അബൂഹുറൈറയിൽ നിന്നും ഉദ്ധരിക്കുന്ന മറ്റൊരു വചനം കാണുക: "നിശ്ചയം നബി ﷺ പറഞ്ഞിരിക്കുന്നു, നിങ്ങളുടെ ഇമാമായിക്കൊണ്ട് മർയമിന്റെ പുത്രൻ നിങ്ങൾക്കിടയിൽ ഇറങ്ങി വരുമ്പോൾ നിങ്ങൾ എങ്ങനെയായിരിക്കും." (ബുഖാരി). ബുഖാരിയിൽ തന്നെയുള്ള മറ്റൊരു പ്രവാചകവചനം ഇപ്രകാരമാണ്: ജാബിർ ഇബ്നു അബ്ദുല്ലയിൽ നിന്നും നിവേദനം. നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടിട്ടുണ്ട്. എന്റെ സമുദായത്തിൽ നിന്നും ഒരു വിഭാഗം അന്ത്യനാൾ വരെയും സത്യത്തിൽ നിലകൊള്ളുന്നവരായിരിക്കും. അവിടുന്നു പറഞ്ഞു: അങ്ങനെ മർയമിന്റെ പുത്രൻ ഈസാ ﷺ അവർക്കിടയിൽ അവതരിപ്പിക്കപ്പെടും. അദ്ദേഹത്തോടായി ആ വിഭാഗത്തിന്റെ ഇമാം പറയും: ഇങ്ങോട്ടു വരിക, ഞങ്ങൾക്കു ഇമാമായി നമസ്കരിക്കുക. അപ്പോൾ അദ്ദേഹം (ഈസാ) പറയും. ഇല്ല, നിങ്ങൾ ഓരോരുത്തരും പരസ്പരം ഇമാമുമാർ തന്നെ." (മുസ്ലിം).

ഇതുപോലുള്ള ധാരാളം ഹദീസുകൾ ഈസാ ﷺ അന്ത്യനാളിനോടനുബന്ധിച്ച് വീണ്ടും വരുമെന്നും മുഹമ്മദ് നബി ﷺയുടെ ശരീഅത്ത് -മതനിയമ സംഹിത-യനുസരിച്ച് ഭരണം നടത്തുകയും നമസ്കാരത്തിന് ഇമാമായി നിൽക്കുമെന്നും സംശയാതീതമായി മനസ്സിലാക്കാവുന്നതാണ്. അദ്ദേഹം പുതിയ മതനിയമസംഹിത (ശരീഅത്ത്) ഒന്നും തന്നെ കൊണ്ടുവരികയില്ല എന്നതിനാലും മുഹമ്മദ് ﷺയുടെ ശരീഅത്ത് നടപ്പിലാക്കി ഭരണം നടത്തുക മാത്രമാണെന്നതിനാലും മുഹമ്മദ് നബി ﷺ യുടെ അന്തിമ പ്രവാചകത്വത്തെ അത് ബാധിക്കുന്നുമില്ല. അല്ലാഹു അവൻ ഉദ്ദേശിച്ചത് നടപ്പിൽ വരുത്തുന്നു. പ്രതാപശാലിയും യുക്തിമാനുമാണവൻ.

-ഫത്വാ ബോർഡ്, കെ.എസ്.എ.

## ഈസാ ﷺ യുടെ ഉയർത്തൽ

**ചോദ്യം:**

**പ്രവാചകശൃംഖലയിൽ ഏറ്റവും ശ്രേഷ്ഠവാനായ മുഹമ്മദ് ﷺ യെ എന്തു കൊണ്ട് അല്ലാഹു ആകാശത്തേക്ക് ഉയർത്തിയില്ല? ഈസാ ﷺ യെ ആകാശത്തേക്ക് ഉയർത്തിയത് സത്യമാണെങ്കിൽ മറ്റു പ്രവാകചന്മാർക്കൊന്നുമില്ലാത്ത രൂപത്തിൽ എന്തു കൊണ്ടാണ് അദ്ദേഹത്തെ മാത്രമായി ഉപരിലോകത്തേക്ക് ഉയർത്തിയത്?**

**ഉത്തരം:**

അല്ലാഹു പ്രവിശാലമായ കാരുണ്യവാനും സർവ്വജ്ഞാനിയുമാണ്. അവന്റെ ശക്തിയും പ്രഭാവവും സർവ്വത്തേയും ചൂഴ്ന്നു നിൽക്കുന്നു. യുക്തിമാനും സർവ്വശക്തനുമായ സ്രഷ്ടാവ് മനുഷ്യരിൽ നിന്നും അവൻ ഉദ്ദേശിച്ചവരെ സുവിശേഷകനും മുന്നറിയിപ്പുകാരനുമായ പ്രവാചകന്മാരായി തെരഞ്ഞെടുക്കുന്നു. അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉന്നത പദവിയും ശ്രേഷ്ഠതയും നൽകി ആദരിക്കുന്നു. അവന്റെ മഹത്തായ കാരുണ്യത്താൽ ചിലരെ മറ്റു ചിലരെക്കാൾ പ്രത്യേകതകൾ നൽകുന്നു. ഇബ്റാഹീം നബി ﷺക്ക് അല്ലാഹുവിന്റെ കൂട്ടുകാരൻ എന്ന പദവി നൽകി. ഓരോ പ്രവാചകന്മാർക്ക് അവരുടെ കാലത്തേക്ക് യോജിക്കുന്ന അമാനുഷിക കഴിവുകൾ അവൻ നൽകിയിട്ടുണ്ട്. ഇതെല്ലാം അവന്റെ മഹത്തായ യുക്തിയെയും നീതിയെയും കാണിക്കുന്നു. അതിസൂക്ഷ്മജ്ഞാനിയായ നാഥന്റെ പ്രതാപത്തെയാണിത് മനസ്സിലാക്കി തരുന്നത്.

ഈ പ്രത്യേകതകൾ ഓരോന്നും അതിന്റെ ശ്രേഷ്ഠതയെ മാത്രമല്ല കാണിക്കുന്നത്. ഈസാ ﷺയെ ആകാശലോകത്തേക്ക് ഉയർത്തി എന്നത് നൂഹ്, ഇബ്റാഹീം, മൂസാ, മുഹമ്മദ് ﷺ എന്നീ പ്രവാചക പുങ്കവന്മാരെക്കാൾ ശ്രേഷ്ഠതയുള്ളത് കൊണ്ടു മാ

ത്രമാണെന്നു മനസ്സിലാക്കാവതല്ല. നിശ്ചയം അവർക്കെല്ലാം ഓരോരോ പ്രത്യേകതകളാൽ അല്ലാഹു ശ്രേഷ്ഠതകൾ നൽകിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളുടെ യുക്തി എന്ത് എന്ന് അന്വേഷിക്കുന്നതിനെക്കാൾ അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് നടപ്പിൽ വരുത്തുകയാണ് എന്ന് വിശ്വസിക്കുന്നതാണ്. മാത്രമല്ല, അതു കൊണ്ട് നമ്മുടെ വിശ്വാസത്തെയോ പ്രവർത്തനത്തെയോ ബാധിക്കുന്നുമില്ല. അതിനാൽ തന്നെ പൂർവ്വീകരായ പ്രവാചകന്മാരുടെയും ഖുലഫാഉ റാഷിദുകളുടെയും മഹാന്മാരുടെയും മാർഗ്ഗം അനുധാവനം ചെയ്യുന്ന വിശ്വാസികൾ അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ അതേ പോലെ വിശ്വസിക്കുക എന്ന മാതൃകയാണു സ്വീകരിക്കേണ്ടത്.

–ഫത്‌വാ ബോർഡ്, കെ.എസ്.എ.

# ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ...

ഖുർആനും നബി ചര്യയുമാണ് ഇസ്‌ലാമിൻെറ അടിസ്ഥാന പ്രമാണങ്ങൾ.അവയിലൂടെയാണ് ഒരാൾ ഇസ്‌ലാമിനെ കുറിച്ച് മനസ്സിലാക്കേണ്ടത്.ഇസ്‌ലാമിനെകുറിച്ച് പഠിക്കുന്നവർക്കായി രിയാദിലെ വെസ്റ്റ് ദീരാ ഇസ്‌ലാമിക് സെൻറർ ധാരാളം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

- കുടുംബങ്ങൾക്കും അല്ലാത്ത വർക്കും വേണ്ടിയുള്ള മതപഠന ക്ളാസുകൾ നടന്നു കൊണ്ടിരിക്കുന്നു.
- ,ഇസ്‌ലാമിക പുസ്തകങ്ങളും, ലഘു ലേഖകൾ മുസ്ഹഫുകൾ, കേസററുകൾ എന്നിവ വിതരണം ചെയ്യുന്നു.
- പുതുതായി ഇസ്‌ലാം സ്വീകരിക്കുന്നവർക്ക് മതകാര്യ മന്ത്രാലയത്തിൻെറ അംഗീ കാരമുള്ള സർട്ടിഫിക്കററുകൾ ശരിപ്പെടുത്തി കൊടുക്കുന്നു .

*സുഹൃത്തേ , ഇസ്‌ലാം നിങ്ങളെ വിളിക്കുന്നു .*
*മരണത്തിനു മുമ്പായി ഈസത്യമതംസ്വീകരിക്കുക.*

കൂടുതൽ വിവരങ്ങൾക്ക്

ISLAMIC CALL AND GUIDANCE CENTER-WEST DEERAH-RIYADH.TEL:4391942 EXT.106,108 FAX:4391851